# റബ്ബർ

ജനുവരി 2024 • വാർഷികവരിസംഖ്യ ₹100

- ക്രൗൺ ബഡ്ഡിങ്
- വാണിയമ്പലം സംഘം
- റബ്ബർബോർഡ് @ 75
- 'ജൻജാതീയ ഗൗരവ് ദിവസ്'
- ഒട്ടുപാൽ സംഭരണം




## 2024 പുതുവത്സരാശംസകൾ....


കപ്പുതൈകൾ സുരക്ഷിതമായി
എത്തിച്ചുതരുന്നതിന്
പ്രത്യേക വാഹന സംവിധാനമുള്ള
കപ്പുതൈ റബ്ബർ നഴ്സറി
അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു..!
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
UNION MKD
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

692

# റബ്ബർ

ജനുവരി 2024

റബ്ബർബോർഡ്
കോട്ടയം–686 002, കേരളം
ഫോൺ: 0481 2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ–മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്**

എഡിറ്റർ :
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ :
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**

**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം – 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ട് ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 | ക്രൗൺബഡ്ഡിങ്
12 | തുറന്ന ജെയിലിലെ റബ്ബർകൃഷി സെമിനാർ
14 | വാണിയമ്പലം സംഘവും മലിനജലസംസ്കരണവും
18 | റബ്ബർബോർഡ് @ 75
23 | 'ജൻജാതീയ ഗൗരവ് ദിവസ്'
27 | ഒട്ടുപാൽ സംഭരണം: ഗുണമേന്മ ഉറപ്പാക്കണം
31 | കൃഷിപ്പണികൾ
33 | കോൾസെന്റർ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



# പുതുവർഷത്തിൽ പുതിയ കാഴ്ചപ്പാടുകൾ

പോയവർഷത്തിൽ റബ്ബർകർഷകർക്ക് പല പ്രതിസന്ധികളും നേരിടേണ്ടതായി വന്നിട്ടുണ്ട്. റബ്ബർവിലയിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകളാണ് അതിൽ പ്രധാനപ്പെട്ട ഒന്ന്. റബ്ബർവില കുറയുകയും പിന്നീട് കൂടുകയും ചെയ്യുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. അതിനാൽ പുതുവർഷത്തിൽ പ്രതീക്ഷകൾ നിലനിർത്താം. എന്നാൽ, കാലാവസ്ഥയിലെ മാറ്റങ്ങൾ പോലെ പ്രവചനാതീതമായ ചില ഘടകങ്ങൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തുടരുമെന്നുതന്നെ കരുതേണ്ടതായി വരും. അത്തരം വെല്ലുവിളികളെ നേരിടാൻ പുതിയ കാഴ്ച്ചപ്പാടുകൾ വേണ്ടതുണ്ട്.

ആഗോളതാപനം വർദ്ധിക്കുന്നത് വരുംകാലങ്ങളിൽ റബ്ബർകൃഷിയെ കാര്യമായി ബാധിക്കുമെന്നത് തീർച്ചയാണ്. വ്യത്യസ്തങ്ങളായ കാലാവസ്ഥാസാഹചര്യങ്ങൾക്ക് യോജിച്ച നടീലിനങ്ങൾ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തുന്ന കർഷകർ അവ ലഭ്യമാക്കുന്നതിന് മുൻകൂട്ടി ആസൂത്രണം നടത്തണം. തോട്ടങ്ങളുടെ നിലനിൽപിന് അത് ആവശ്യമായി വരും.

റബ്ബർകൃഷിയോടൊപ്പം ഇതര വരുമാനമാർഗങ്ങൾ കൂടി തോട്ടങ്ങളിൽ നടപ്പാക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം. കാലാവസ്ഥാവ്യതിയാനം പോലുള്ള കാരണങ്ങളാൽ റബ്ബറുത്പാദനം കുറഞ്ഞാലും കൃഷിയിൽ തുടരാൻ അത് സഹായിക്കും.

വായനക്കാർക്ക് നവവത്സരാശംസകൾ

– എഡിറ്റർ



# പഴയ പ്രശ്നങ്ങൾക്ക് പുതിയ പരിഹാരങ്ങൾ തേടാം

പുതുവർഷം തുടങ്ങുകയായി. റബ്ബർമേഖലയുടെ പിന്നിട്ട വർഷത്തെ സാഹചര്യങ്ങൾ വിശകലനം ചെയ്താൽ പല പ്രതിസന്ധികളും തുടരുന്നതായി കാണാം. എന്നാൽ, അവയെ തരണം ചെയ്യുന്നതിന് ഓരോരുത്തരും കൈക്കൊണ്ടിട്ടുള്ള സമീപനങ്ങൾ വ്യത്യസ്തങ്ങളാണ്. ലഭ്യമായ എല്ലാ സാധ്യതകളും സംയോജിതമായ രീതിയിൽ പരമാവധി പ്രയോജനപ്പെടുത്തിയവർക്കെല്ലാം വിജയകരമായി റബ്ബർകൃഷിയിൽ തുടരാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഏറെ ശ്രദ്ധേയം. റബ്ബർകർഷകരെ സംബന്ധിച്ചിടത്തോളം പോയവർഷത്തിലെ പ്രധാനപ്പെട്ട പ്രതിസന്ധികളിൽ ഒന്നാണ് റബ്ബർവിലയിലെ അസ്ഥിരത. റബ്ബർവില പ്രധാനമായും വിപണിയെ ആശ്രയിച്ചാണ്. അതുകൊണ്ടാണ് വിലക്കുറവിനെ മറികടക്കാൻ റബ്ബർബോർഡ് മറ്റ് സമീപനങ്ങൾ തേടുന്നത്.

ഗവേഷണങ്ങൾ, മെച്ചപ്പെട്ട കാർഷികരീതികൾ, വിജ്ഞാനവ്യാപനപ്രവർത്തനങ്ങൾ, സംസ്ഥാനസർക്കാരിന്റെ സഹകരണത്തോടെയുള്ള പദ്ധതികൾ തുടങ്ങി റബ്ബർമേഖലയുടെ നിലനിൽപിന് ആവശ്യമായ പ്രവർത്തനങ്ങൾ റബ്ബർബോർഡ് തുടർന്നുകൊണ്ടാണിരിക്കുന്നത്. മാത്രമല്ല, കർഷകർക്ക് പ്രയോജനം ചെയ്യുന്ന സാധ്യതകൾ നിരന്തരം വിശകലനം ചെയ്യുന്നുമുണ്ട്. അത്തരത്തിലുള്ള ശ്രമങ്ങളുടെ ഭാഗമായാണ് കാർബൺ ക്രെഡിറ്റിന്റെ പ്രയോജനം കർഷകർക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രോജക്ട് കൺസൾട്ടന്റുമായി ചർച്ചകൾ ആരംഭിച്ചിട്ടുള്ളത്. യൂറോപ്യൻ യൂണിയന്റെ വനനാശനനിയന്ത്രണനിയമം റബ്ബറിന്റെ മൂല്യശൃംഖലയെ എങ്ങനെ ബാധിക്കുമെന്ന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതുപോലെ നിയന്ത്രിതവസ്തുക്കളുടെ പട്ടികയിൽനിന്ന് റബ്ബറിനെ ഒഴിവാക്കുന്നതിന് റബ്ബറുത്പാദകരാജ്യങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ എ.എൻ.ആർ.പി.സി.-യുടെ ചെയർമാൻ എന്ന നിലയിൽ ഭാരതം യൂറോപ്യൻ യൂണിയനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

റബ്ബർകൃഷിയോടൊപ്പം ഇതര വരുമാനമാർഗങ്ങൾ കൂടി തോട്ടങ്ങളിൽ നടപ്പാക്കുന്ന രീതി നിലവിൽ ഉണ്ടെങ്കിലും ഇപ്പോൾ അതിന്റെ ആവശ്യകത ഏറെ വർദ്ധിച്ചിരിക്കുകയാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ മറ്റ് വരുമാനമാർഗങ്ങൾ കൂടി ഉണ്ടെങ്കിൽ മാത്രമേ കാലാവസ്ഥാവ്യതിയാനം പോലുള്ള കാരണങ്ങളാൽ റബ്ബറുത്പാദനം കുറഞ്ഞാലും കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിയൂ. അതുകൊണ്ടാണ് അനുബന്ധവരുമാനമാർഗങ്ങൾ നടപ്പാക്കാനും ഉചിതമായ കാർഷികരീതികളിലൂടെ വരുമാനം കൂട്ടാനും മരങ്ങളുടെ ആയുസ് വർദ്ധിപ്പിക്കാനും ബോർഡ് കർഷകരോട് വീണ്ടും അഭ്യർത്ഥിക്കുന്നത്. റബ്ബർവില നിയന്ത്രിക്കാൻ കഴിയില്ലെങ്കിലും ഇടവിളക്കൃഷി, തേനീച്ചവളർത്തൽ തുടങ്ങിയവയിലൂടെ വിലയിടിവ് ഉണ്ടാക്കുന്ന ആഘാതങ്ങളെ നേരിടാൻ കർഷകർക്ക് കഴിയും. എല്ലാ പ്രതിസന്ധികളിലും റബ്ബർബോർഡ് ഒപ്പമുണ്ടാകുമെന്ന് വീണ്ടും ഓർമിപ്പിക്കുന്നു.

നവവത്സരാശംസകളോടെ

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്





ഡോ. ഷാജി ഫിലിപ്പ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം



എഡ്വിൻ പ്രേം ഇ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# ഇലരോഗങ്ങളെ തടയാൻ ക്രൗൺബഡ്ഡിങ്

വിളവെടുക്കുന്ന മരങ്ങളിൽ ഉത്പാദനക്കുറവ് ഉണ്ടാകാൻ ഒരു പ്രധാന കാരണം ഇലരോഗങ്ങളാണ്. കാലാവസ്ഥാവ്യതിയാനം റബ്ബർ മേഖലയിലും ചില പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ചില പുതിയ ഇലരോഗങ്ങൾ റബ്ബർമരങ്ങളെ കൂടുതലായി ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ദീർഘമായ മഴക്കാലം പല രോഗങ്ങളും തോട്ടത്തിൽ നീണ്ടുനിൽക്കാൻ ഇടയാക്കുന്നു. ഇന്ന് റബ്ബർമരങ്ങളിൽ കൂടുതലായി കാണുന്നത് ഇലരോഗങ്ങളാണ്. റബ്ബർ തൈകളുടെ അപക്വകാലം കൂട്ടുന്നതിനും രോഗങ്ങൾ കാരണമാകുന്നുണ്ട്.

തളിരിലകളിൽ ഉണ്ടാകുന്ന പൊടിക്കുമിൾ (Powdery mildew), *കൊറിനിസ്പോറ*, വേനൽ മഴയോടൊപ്പം പുതുതായി കണ്ടുവരുന്ന ഇലപ്പൊട്ടുരോഗം (*കൊളിറ്റോട്രിക്കം* സർക്കുലാർ ലീഫ് സ്പോട്ട് ഡിസീസ്), കാലവർഷത്തോടൊപ്പം ഉണ്ടാകുന്ന അകാലിക ഇലകൊഴിച്ചിൽ (Abnormal leaf fall), ത്രെഡ് ബ്ലൈറ്റ് (Thread blight), തളിരിലകളെ ബാധിക്കുന്ന *കൊളിറ്റോട്രിക്കം* ഇവയെല്ലാം പല സമയങ്ങളിൽ റബ്ബർമരങ്ങളെ ബാധിക്കുന്നു. ഇതുമൂലം കർഷകർക്ക് സമയബന്ധിതമായി രോഗപ്രതിരോധ മാർഗങ്ങൾ അവലംബിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഇതുകൂടാതെ, പരമ്പരാഗത മേഖലയിൽ നീണ്ടുനിൽക്കുന്ന പ്രതികൂല കാലാവസ്ഥ കാരണം രോഗപ്രതിരോധ പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാൻ കർഷകർക്ക് കഴിയാതെവരുന്നുണ്ട്. കുമിൾനാശിനികൾ സമയത്ത് ലഭിക്കാനുള്ള ബുദ്ധിമുട്ട്, ഉയർന്ന വില, തൊഴിലാളികളുടെ ദൗർലഭ്യം, ഉയർന്ന കൂലിച്ചെലവ് ഇവയെല്ലാം ഇതിന് കാരണമാകുന്നു.

## ക്രൗൺബഡ്ഡിങ്

രോഗപ്രതിരോധശേഷിയുള്ള ഇലച്ചില്ലകൾ പ്രദാനം ചെയ്യുന്ന റബ്ബറിനങ്ങളിൽ നിന്ന് ശേഖരിക്കുന്ന ഒട്ടുകണ്ണ് ഉയർന്ന ഉത്പാദനശേഷിയുള്ള ഇനങ്ങളിൽ ബഡ്ഡുചെയ്തുപിടിപ്പിക്കുന്ന രീതിയാണ് ക്രൗൺബഡ്ഡിങ്. ഇത് ബഡ്ഡുമരങ്ങൾക്ക് നല്ല രോഗപ്രതിരോധശേഷിയുണ്ടാകാൻ സഹായിക്കും. രണ്ടര മുതൽ മൂന്നു വരെ മീറ്റർ ഉയരത്തിലാണ് ക്രൗൺ ബഡ്ഡിങ് ചെയ്യുന്നത്. ക്രൗൺ ബഡ്ഡ് ചെയ്ത ഒരു മരത്തിൽ വിത്തിൽനിന്നും വരുന്ന റൂട്ട് സ്റ്റോക്ക്, ഉയർന്ന ഉത്പാദനശേഷിയുള്ള റബ്ബറിന്റെ തണ്ടുഭാഗം, രോഗപ്രതിരോധശേഷിയുള്ള ഇലഭാഗം എന്നിങ്ങനെ മൂന്നുഭാഗങ്ങളുണ്ടായിരിക്കും.

ക്രൗൺബഡ്ഡിങ് വിജയകരമായി നടത്തിയ റബ്ബർ തൈകളിൽ പിന്നീട് ഇലരോഗങ്ങൾക്കെതിരെ രോഗപ്രതിരോധനടപടികൾ സ്വീകരിക്കേണ്ടിവരുന്നില്ല എന്നതാണ് ഈ രീതിയുടെ മെച്ചം. അങ്ങനെ രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് വർഷംതോറും വരുന്ന ചെലവ് കുറയ്ക്കാനും പരിസ്ഥിതിക്ക് ദോഷമില്ലാതെ റബ്ബർതോട്ടങ്ങൾ വികസിപ്പിച്ചെടുക്കാനും കഴിയും. ക്രൗൺബഡ്ഡിങ് ആദ്യമായി പരീക്ഷിച്ചത് 1928-ൽ ഇന്തോനേഷ്യയിലാണ്, പിന്നീട് ക്രൗൺബഡ്ഡിങ് വ്യാപകമായി നടത്തിയത് സൗത്ത് അമേരിക്കയിലാണ് (SALB രോഗത്തിന് എതിരെ). ഇന്ത്യയിൽ, 1970-ൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ക്രൗൺബഡ്ഡ് പരീക്ഷണങ്ങൾ ആരംഭിച്ചു. ആർആർഐഐഎം 600, ആർആർഐഐഎം 628, ജി.ടി.1 എന്നീ ഇനങ്ങളിലാണ് ക്രൗൺബഡ്ഡിങ് പരീക്ഷിച്ചത്. ഇത് വിജയകരമായിരുന്നു. എഫ്. എക്സ്. 516,



*ക്രൗൺബഡ്ഡ് ചെയ്ത തോട്ടത്തിന്റെയും (ഇടത്ത്) ക്രൗൺബഡ്ഡ് ചെയ്യാത്ത തോട്ടത്തിന്റെയും (വലത്ത്) സ്വാഭാവിക ഇലകൊഴിച്ചിൽ സമയത്തെ ദൃശ്യം*

എഫ് 4542 എന്നീ ഇനങ്ങളാണ് ക്രൗൺബഡ്ഡിങ്ങിന് ഉപയോഗിച്ചത്. ഇതിൽ എഫ്.എക്സ്. 516 ക്രൗൺ ഉപയോഗിച്ച മരങ്ങളിൽ എഫ് 4542 ഉപയോഗിച്ച് ബഡ്ഡ് ചെയ്ത മരങ്ങളെ അപേക്ഷിച്ച് തടിയുടെ വളർച്ച രണ്ടിരട്ടിയായതായി നിരീക്ഷിച്ചിട്ടുണ്ട്. അതുപോലെ ആർആർഐഎം 600, ആർആർഐഎം 628 എന്നീ ഇനങ്ങളിൽ ക്രൗൺബഡ്ഡ് ചെയ്തപ്പോൾ ക്രൗൺബഡ്ഡ് ചെയ്യാത്ത മരങ്ങളിൽനിന്ന് ലഭിച്ചതിനേക്കാൾ കൂടുതൽ ആദായം ലഭിച്ചു. അതുപോലെ ഇലകൊഴിച്ചിൽ രോഗവും ഇല്ലായിരുന്നു.

പിന്നീട് 1958-ൽ പി.ബി. 311 എന്ന ഇനത്തിൽ എഫ്.എക്സ്. 516, ആർആർഐഐ 33 എന്നീ ഇനങ്ങൾ ക്രൗൺബഡ്ഡ് ചെയ്ത് പഠനം നടത്തിയിരുന്നു. ഇതിൽ എഫ്.എക്സ്. 516 ഉപയോഗിച്ച് ക്രൗൺബഡ്ഡ് ചെയ്ത മരത്തിന് ഇലക്കൊഴുപ്പും തടിയുടെ വളർച്ചയും കൂടുന്നതായും നിരീക്ഷിച്ചിട്ടുണ്ട്. ആർആർഐഐ 33-ൽ പൊടിക്കുമിൾ രോഗബാധ കൂടുതലായി കണ്ടിരുന്നു. ക്രൗൺബഡ്ഡിങ് സംബന്ധമായ ഈ പരീക്ഷണങ്ങൾ റബ്ബർഗവേഷണകേന്ദ്രത്തിൽ ആരംഭിച്ചതും നിരീക്ഷിച്ചതും മുൻ റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ സാബു പി. ഇടിക്കുളയുടെ നേതൃത്വത്തിലാണ്. ഈ പഠന പരീക്ഷണങ്ങളിലെല്ലാം രണ്ടുവർഷം പ്രായമായ തൈകളിൽ രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരത്തിലാണ് ക്രൗൺബഡ്ഡിങ് നടത്തിയത്. ബഡ്ഡിങ് വിജയിച്ച തൈകൾ ബഡ്ഡു ചെയ്തതിന് മുകളിൽവച്ച് മുറിച്ചു മാറ്റി, ക്രൗൺബഡ്ഡ് കിളിർക്കാനുള്ള സാഹചര്യം ഒരുക്കണം. അതുപോലെ തോട്ടത്തിലെ പരിചരണത്തിന് ഒരു വീഴ്ചയും വരുത്തരുത്. തുടർച്ചയായി തൈകളെ നിരീക്ഷിക്കണം. ക്രൗണിൽ ബഡ്ഡിൽനിന്നല്ലാതെ മുളച്ചുവരുന്ന നാമ്പുകൾ മുറിച്ചു കളയണം. ക്രൗൺബഡ്ഡ് മുളച്ച് ആദ്യത്തെ തട്ട് ഇലകൾ ഉണ്ടാകുന്നതുവരെ നല്ല ശ്രദ്ധ ആവശ്യമാണ്. റബ്ബർ ഗവേഷണകേന്ദ്രം 2004-ൽ റാന്നിക്ക് സമീപം ചേതയ്ക്കലുള്ള റബ്ബർബോർഡിന്റെ കേന്ദ്രപരീക്ഷണത്തോട്ടത്തിൽ ക്രൗൺബഡ്ഡ് പരീക്ഷണം നടത്തുകയും അതു വിജയപ്രദമാണെന്ന് തെളിയുകയും ചെയ്തു.

### നഴ്സറികളിലെ ക്രൗൺബഡ്ഡിങ്

നഴ്സറികളിലെ ക്രൗൺബഡ്ഡിങ് പരീക്ഷണം ചേതയ്ക്കലെ ഫാമിൽ 2004-ൽ തുടങ്ങി. പി.ബി. 260 എന്ന ഇനത്തിന്റെ കൂടത്തൈകൾ (65 x 35 സെ. മീ. വലുപ്പമുള്ള കൂടകൾ) ഉത്പാദിപ്പിച്ചു. ഇപ്രകാരം ഉണ്ടാക്കിയെടുത്ത കൂടത്തൈകൾ രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരമെത്തുന്നതുവരെ ബാഗിൽ വളർത്തി (18-20 മാസം). മൂന്ന് മീറ്റർ ഉയരമായ തൈകളുടെ മുകളിലെ ഇലത്തട്ടിന് താഴെയായി എഫ്.എക്സ്. 516 എന്ന ഇനം ക്രൗൺബഡ്ഡ് ചെയ്തു. ബഡ്ഡിങ് വിജയിച്ച തൈകളിൽ ബഡ്ഡു ചെയ്തതിനു മുകളിൽവച്ച് മുറിച്ചുമാറ്റി, ക്രൗൺബഡ്ഡ് വളരാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്തു. തോട്ടത്തിലേക്ക് മാറ്റിനട്ട തൈകളിൽ ഏകദേശം 400 ക്രൗൺബഡ്ഡ് തൈകൾ നന്നായി വളർന്നുവന്നു. ഈ പരീക്ഷണത്തിന്റെ ഭാഗമായി താരതമ്യപഠനം നടത്തുന്നതിന് ക്രൗൺബഡ്ഡ് ചെയ്യാത്ത പി.ബി. 260 എന്ന ഇനം അടുത്ത ബ്ലോക്കിൽ നട്ടു. ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളും ക്രൗൺബഡ്ഡ് ചെയ്യാത്ത പി.ബി. 260 ഇനം മരങ്ങളും ഏഴാം വർഷം ടാപ്പുചെയ്തു. എല്ലാ വർഷവും ഇലരോഗങ്ങൾ, പട്ടമരപ്പ്, മരങ്ങളുടെ വണ്ണം, ആദായം, റബ്ബർപാലിന്റെ ഗുണമേന്മ എന്നിവ നിരീക്ഷിച്ചു. ക്രൗൺബഡ്ഡ് ചെയ്ത മരങ്ങൾക്ക്, ക്രൗൺബഡ്ഡ് ചെയ്യാത്ത മരങ്ങളെക്കാൾ വണ്ണമുണ്ട് എന്ന് നിരീക്ഷിച്ചു (പട്ടിക - 1).



കുടത്തൈകളിലെ ക്രൗൺബഡ്ഡിങ്

**പട്ടിക 1.**
**മരങ്ങളുടെ വണ്ണം (സെ.മീ.)-ഒരു താരതമ്യപഠനം**

| വർഷം | ക്രൗൺ ബഡ്ഡ് ചെയ്ത മരം | പി.ബി. 260 |
|---|---|---|
| 2008 | 29.2 | 28.0 |
| 2009 | 36.7 | 35.4 |
| 2010 | 47.5 | 40.7 |
| 2011 | 54.3 | 47.9 |
| 2012 | 61.1 | 52.4 |
| 2013 | 63.6 | 56.1 |
| 2014 | 68.2 | 58.4 |
| 2015 | 70.6 | 60.6 |
| 2016 | 71.5 | 65.8 |
| 2017 | 73.2 | 66.8 |
| 2018 | 76.1 | 72.2 |
| 2019 | 77.9 | 74.0 |

അതുപോലെ അകാലിക ഇലകൊഴിച്ചിലും മറ്റു രോഗങ്ങളും ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളിൽ കുറവായി കാണപ്പെട്ടു. റബ്ബറിന്റെ ആദായം ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളിൽ ക്രൗൺബഡ്ഡ് ചെയ്യാത്ത മരങ്ങളെ അപേക്ഷിച്ച് കൂടുതലായിട്ടാണ് കണ്ടത്. അതുപോലെ റബ്ബർപാലിന്റെ ഗുണമേന്മയിൽ ക്രൗൺബഡ്ഡ് ചെയ്തതും ചെയ്യാത്തതുമായ മരങ്ങൾ തമ്മിൽ വ്യത്യാസമില്ല എന്നും കണ്ടെത്തി. റബ്ബറുത്പാദനം സംബന്ധിച്ച വിവരങ്ങൾ ഗ്രാഫിലും റബ്ബർപാലിന്റെ ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ലും കൊടുത്തിരിക്കുന്നു.

**ഗ്രാഫ് : ഉത്പാദനം**




**പട്ടിക – 2**
**റബ്ബർപാൽ – സ്വഭാവഗുണങ്ങൾ**

| | വേനൽകാലം | | മഴക്കാലം | | കാലവർഷത്തിനുശേഷം | |
|---|---|---|---|---|---|---|
| | പി.ബി. 260 | എഫ്.എക്സ്. 516 (ക്രൗൺബഡ്ഡ്) | പി.ബി. 260 | എഫ്.എക്സ്. 516 (ക്രൗൺബഡ്ഡ്) | പി.ബി. 260 | എഫ്.എക്സ്. 516 (ക്രൗൺബഡ്ഡ്) |
| TS% | 36.55 | 35.97 | 38.20 | 36.70 | 38.90 | 37.20 |
| DRC% | 33.70 | 32.70 | 35.30 | 33.50 | 35.80 | 33.90 |
| NRS% | 2.87 | 3.26 | 2.90 | 3.20 | 3.10 | 3.30 |
| Mg(ppm) | 189 | 160 | | | | |
| MV,ML at 100$^{0}$c | 67 | 58 | 63 | 53 | 70 | 57 |
| Po | 33 | 29 | 34 | 28 | 36 | 32 |
| PRI | 64 | 76 | 85 | 89 | 83 | 88 |



ക്രൗൺബഡ്ഡ് ചെയ്യുന്നതിനായി ബഡ്ഡ്കണ്ണുകൾ ഇളക്കിയെടുക്കുന്നു

## പട്ടമരപ്പ്

ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളിലെയും ക്രൗൺബഡ്ഡ് ചെയ്യാത്ത പി.പി. 260 ഇനം മരങ്ങളിലെയും പട്ടമരപ്പിന്റെ തോത് താരതമ്യപഠനം നടത്തിയതിന്റെ വിവരങ്ങൾ പട്ടിക 3-ൽ കൊടുത്തിരിക്കുന്നു. പട്ടമരപ്പ് ബാധിക്കുന്നതിൽ ഇവ തമ്മിൽ വ്യത്യാസമില്ല എന്ന് കാണാൻ സാധിക്കും.

**പട്ടിക - 3. പട്ടമരപ്പ് (ശതമാനത്തിൽ)**

| ക്രൗൺബഡ്ഡ് ചെയ്ത പി.ബി. 260 | | | ക്രൗൺബഡ്ഡ് ചെയ്യാത്ത പി.ബി. 260 | | |
|---|---|---|---|---|---|
| A പാനൽ | B പാനൽ | C പാനൽ | A പാനൽ | B പാനൽ | C പാനൽ |
| 8.3 | 19.4 | 7.5 | 7.5 | 18.8 | 5.4 |

## ക്രൗൺബഡ്ഡിങ്ങിനെക്കുറിച്ച് നടത്തിയ പഠനത്തിന്റെ വിവരങ്ങൾ

- നഴ്സറികളിലും ക്രൗൺബഡ്ഡിങ് വളരെ പ്രായോഗികമായി നടപ്പാക്കാം.
- ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങളിലും എഫ്.എക്സ്. 516 ക്രൗണായി ഉപയോഗിക്കാം.
- റബ്ബർഗവേഷണകേന്ദ്രം നടത്തിയ പരീക്ഷണങ്ങളിൽ പി.ബി. 260 എന്ന ഇനത്തിൽ എഫ്.എക്സ്. 516 എന്ന ഇനം ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളിൽ രോഗങ്ങൾ കാണുന്നില്ല.
- യാതൊരുവിധ രോഗപ്രതിരോധപ്രവർത്തനങ്ങളും ക്രൗൺബഡ്ഡു ചെയ്ത തൈകളിൽ വേണ്ടിവരുന്നില്ല.
- അകാലിക ഇലകൊഴിച്ചിൽ സമയത്തും എഫ്.എക്സ്. 516 ക്രൗണിൽ ഈ രോഗബാധ കാണുന്നില്ല.
- ക്രൗൺബഡ്ഡ് മരങ്ങളിൽ നിന്ന് ആദായം കൂടുതൽ ലഭിച്ചു.
- തടിയുടെ അളവും വണ്ണവും ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളിൽ കൂടുതലായി കണ്ടു.
- പട്ടമരപ്പ് ബാധിക്കുന്നതിൽ വ്യത്യാസമില്ല.
- റബ്ബർപാലിന്റെ ഗുണമേന്മയിൽ വ്യത്യാസമില്ല.



ക്രൗൺബഡ്ഡ് ചെയ്ത റബ്ബർതൈയും (ഇടത്ത്) വളർച്ചയെത്തിയ മരവും (വലത്ത്-ബഡ്ഡ് കൂടിച്ചേർന്ന ഭാഗം വൃത്തത്തിനുള്ളിൽ)

- ക്രൗൺബഡ്ഡ് ചെയ്ത തോട്ടങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യമില്ല.

## പുതിയ ഇനങ്ങളിലെ ഫീൽഡ് ക്രൗൺബഡ്ഡിങ്

കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിന്റെ ഫാമിൽ ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 417, ആർആർഐഐ 422, ആർആർഐഐ 429, ആർആർഐഐ 430 എന്നീ ഇനങ്ങളിൽ ക്രൗൺബഡ്ഡിങ് നടത്തിയിട്ടുണ്ട്. 2019 മെയ്/ ജൂൺ മാസത്തിൽ മേൽപറഞ്ഞ ഇനങ്ങളുടെ കൂടത്തൈകൾ ഫാമിൽ നട്ടു. 2020 ആഗസ്റ്റ് മാസത്തിൽ രണ്ടര മുതൽ മൂന്ന് വരെ മീറ്റർ ഉയരമെത്തിയ തൈകളിൽ ക്രൗൺബഡ്ഡിങ് നടത്തി. എഫ്.എക്സ് 516 എന്ന ഇനമാണ് ക്രൗൺബഡ്ഡിങ്ങിനായി ഉപയോഗിച്ചത്. ക്രൗൺബഡ്ഡിങ് വിജയിച്ചതിനുശേഷം ബഡ്ഡു ചെയ്തതിന് തൊട്ടുമുകളിൽവച്ച് മുറിച്ചുവിട്ടു. കൃഷിസ്ഥലത്തുവച്ച് നടത്തിയ ക്രൗൺബഡ്ഡിങ്ങിൽ 75 ശതമാനം വിജയം രേഖപ്പെടുത്തി. മരങ്ങൾ നന്നായി വളരുന്നുണ്ട്. ക്രൗൺബഡ്ഡുചെയ്ത മരങ്ങളിൽ ഇതുവരെയും യാതൊരു ഇലരോഗങ്ങളും നിരീക്ഷിച്ചിട്ടില്ല.

## ക്രൗൺബഡ്ഡിങ്ങിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

- നഴ്സറികളിൽ ക്രൗൺബഡ്ഡ് ചെയ്യുന്നതിനായി വലിയ കൂടത്തൈകൾ തയ്യാറാക്കണം.
- ഏകദേശം 15–18 മാസത്തെ പരിചരണം ആവശ്യമാണ്.
- ക്രൗൺബഡ്ഡിങ്ങിന് ശേഷം ഒരു വർഷത്തോളം നല്ല ശ്രദ്ധ വേണം.
- കൃഷിസ്ഥലത്തുവച്ച് ക്രൗൺബഡ്ഡ് ചെയ്യാൻ കുറച്ച് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

ക്രൗൺബഡ്ഡിങ് ബുദ്ധിമുട്ടുള്ളതാണെങ്കിലും വർഷാവർഷം വേണ്ടിവരുന്ന രോഗപ്രതിരോധപ്രവർത്തനങ്ങൾ കുറയ്ക്കാൻ സാധിക്കും എന്നത് ക്രൗൺബഡ്ഡ് ചെയ്ത മരങ്ങളുടെ (എഫ്.എക്സ്. 516) മേന്മയാണ്. പ്രത്യേകിച്ച് ഇന്ന് കുമിൾനാശിനികളുടെ വർദ്ധിച്ച വില, ലഭ്യതക്കുറവ്, പ്രതിരോധപ്രവർത്തനങ്ങൾ നടത്താനുള്ള തൊഴിലാളികളുടെ ദൗർലഭ്യം, പണിക്കൂലി എന്നിവ നോക്കുമ്പോൾ ആവർത്തനകൃഷി ചെയ്യുന്ന കർഷകർ ക്രൗൺബഡ്ഡിങ് നടത്താൻ ശ്രമിക്കുന്നത് നന്നായിരിക്കും. റബ്ബർഗവേഷണകേന്ദ്രത്തിന്റെ ചേതയ്ക്കലിലെയോ പുതുപ്പള്ളിയിലെയോ ഫാമിൽ എത്തിയാൽ കർഷകർക്ക് ക്രൗൺബഡ്ഡ് ചെയ്ത തൈകൾ നേരിൽകണ്ട് സംശയങ്ങൾ തീർക്കാവുന്നതാണ്.

*(കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : ഡോ. ഷാജി ഫിലിപ്പ് - 9446386838, എഡ്വിൻ പ്രേം - 9447568030)* •

# കേന്ദ്രമന്ത്രി നിർമല സീതാരാമൻ
# കാർഷികോപകരണങ്ങൾ വിതരണം ചെയ്തു




'വികസിത് ഭാരത് സങ്കൽപ് യാത്ര' യുടെ ഭാഗമായി ഒരു യോഗം തിരുവനന്തപുരത്ത് മംഗലപുരത്തിനു സമീപം ചെമ്പകമംഗലം റഷാജ് റോയൽ ആഡിറ്റോറിയത്തിൽ വെച്ച് നടന്നു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ വിശദീകരണത്തിനും ഗുണഭോക്താക്കളുടെ സംഗമത്തിനുമായി നടത്തുന്ന ഒരു പരിപാടിയാണ് 'വികസിത് ഭാരത് സങ്കൽപ് യാത്ര'. കേന്ദ്രപദ്ധതികളുടെ ആനുകൂല്യം അർഹരായവർക്ക് കിട്ടാതെ പോയിട്ടുണ്ടെങ്കിൽ അവരെ കണ്ടെത്തി നൽകാൻ കൂടി ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി എന്ന് പ്രസ്തുത ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ച കേന്ദ്രമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. കേന്ദ്രപദ്ധതികൾ ഓരോന്നായി വിവരിച്ചതോടൊപ്പം അതിൽ കേരളത്തിലെ ഗുണഭോക്താക്കളുടെ എണ്ണവും മന്ത്രി വിശദീകരിച്ചു. ഗുണഭോക്താക്കൾക്കുള്ള ചെക്കുകളും ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്കുള്ള ഗ്യാസ് സ്റ്റൗവും കേന്ദ്രമന്ത്രി യോഗത്തിൽവെച്ച് കൈമാറി.

തിരുവനന്തപുരം റബ്ബർബോർഡ് റീജിയണൽ ഓഫീസിന്റെ പരിധിയിലെ തോട്ടയ്ക്കാട് റബ്ബറുത്പാദക സംഘത്തിലെ ഭരണസമിതിയംഗമായ എസ്. അനിൽകുമാറിന് 'സ്മാം' പദ്ധതി പ്രകാരം 50 ശതമാനം ധനസഹായത്തോടെ ലഭിച്ച ബ്രഷ് കട്ടർ കേന്ദ്രമന്ത്രി ചടങ്ങിൽവെച്ച് വിതരണം ചെയ്തു. കൃഷിപ്പണികൾക്ക് തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ 'സ്മാം' പദ്ധതി പ്രകാരം ബ്രഷ് കട്ടർ ലഭിച്ചത് വളരെ ആശ്വാസകരമാണെന്ന് പദ്ധതിയുടെ ഗുണഭോക്താവായ എസ്. അനിൽകുമാർ പ്രതികരിച്ചു. റബ്ബർബോർഡ് നടത്തിയ കർഷകസംഗമം പരിപാടിയിൽ വെച്ചാണ് ഈ പദ്ധതിയെക്കുറിച്ച് മനസ്സിലാക്കിയതെന്നും തുടർന്ന് അപേക്ഷ നൽകുന്നതിനും തുടർനടപടികൾക്കും റബ്ബർബോർഡിൽ നിന്നും സഹായ സഹകരണങ്ങൾ ലഭിച്ചെന്നും അദ്ദേഹം സ്മരിച്ചു. റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽ കുമാർ, കിളിമാനൂർ ഫീൽഡ് ഓഫീസർ ദീപാ സുകുമാർ, റബ്ബറുത്പാദകസംഘം ഭാരവാഹികൾ, റബ്ബർകർഷകർ, ടാപ്പിങ് തൊഴിലാളികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. റബ്ബർബോർഡ് നടപ്പാക്കുന്ന വിവിധ കേന്ദ്രപദ്ധതികളെക്കുറിച്ച് എസ്. നിർമൽ കുമാർ വിശദീകരിച്ചു. കൂടാതെ 'സ്മാം' (SMAM) പദ്ധതിയെക്കുറിച്ചും അതിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളെക്കുറിച്ചും അദ്ദേഹം വിവരിച്ചു. വ്യക്തിഗതാടിസ്ഥാനത്തിലും ഗ്രൂപ്പുകളായും സർവ്വീസ് സംഘങ്ങളായും 'സ്മാം' പദ്ധതിയിൽ കാർഷികയന്ത്രങ്ങൾ വാങ്ങാൻ അപേക്ഷിക്കാവുന്നതാണ്. വലിയ കൃഷിയിടങ്ങളിലേക്കാവശ്യമായ വൻകിടയന്ത്രങ്ങൾ മുതൽ ചെറിയകൃഷിസ്ഥലങ്ങളിലേക്കാവശ്യമായ പണിയായുധങ്ങൾ വരെ 40 മുതൽ 80 വരെ ശതമാനം ധനസഹായത്തോടെ ലഭിക്കുമെന്നത് ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹോണ്ട കമ്പനിയുടെ കാർഷികയന്ത്രങ്ങളുടെ പ്രദർശനസ്റ്റാളും ആഡിറ്റോറിയത്തിനുമുന്നിൽ ഒരുക്കിയിരുന്നു. താൽപര്യമുള്ള കർഷകർക്കായി കമ്പനിപ്രതിനിധികൾ കാർഷികയന്ത്രങ്ങളുടെ പ്രവർത്തനം പരിചയപ്പെടുത്തി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം സർക്കിൾ ചീഫ് ജനറൽ മാനേജർ എ. ഭുവനേശ്വരി, നബാർഡ് ചീഫ് ജനറൽ മാനേജർ ജി. ഗോപകുമാരൻ നായർ, ഐ.സി.എ.ആർ. കൃഷി വിജ്ഞാനകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. ബിനു ജോൺ സാം, കാനറാ ബാങ്ക് ഡി.ജി.എം. പ്രദീപ് കെ.എസ്. തുടങ്ങിയവർ ഈ പരിപാടിയിൽ പങ്കെടുത്തു. പ്രധാനമന്ത്രിയുടെ തത്സമയ വീഡിയോ സംവാദ പരിപാടിയും ഉണ്ടായിരുന്നു. 'ജൻജാതിയ ഗൗരവ് ദിവസ്' ആയ നവംബർ 15-ന് ആരംഭിച്ച 'വികസിത് ഭാരത് സങ്കൽപ് യാത്ര' 2024 ജനുവരി 26-നാണ് അവസാനിക്കുന്നത്.

തയ്യാറാക്കിയത് :
എസ്. നിർമൽകുമാർ (ഡെവലപ്മെന്റ് ഓഫീസർ), ദീപാ സുകുമാർ (ഫീൽഡ് ഓഫീസർ)

# 'തുറന്ന ജെയിലി'ലെ റബ്ബർകൃഷി സെമിനാർ



നെട്ടുകാൽത്തേരി 'തുറന്ന ജെയിലും' റബ്ബർബോർഡും കാനറാബാങ്കും സംയുക്തമായി സംഘടിപ്പിച്ച റബ്ബർകൃഷി സെമിനാർ ജയിലിന്റെ തേവൻകോട് അനക്സിൽ വെച്ച് നടന്നു. റബ്ബർബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം നിർവ്വഹിച്ചു. നെട്ടുകാൽത്തേരി തുറന്ന ജെയിൽ അഗ്രിക്കൾച്ചർ ഓഫീസർ ഡബ്ള്യു.ആർ. അജിത് സിംഗ് സ്വാഗതം പറഞ്ഞു. ജെയിൽ ജോയിന്റ് സൂപ്രണ്ട് ആർ.എസ്. രാജേഷ്കുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാനറാബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ആർ. ശ്രീകുമാർ മുഖ്യപ്രഭാഷണം നടത്തി. ജയിലിന്റെ റബ്ബർതോട്ടത്തിലെ മരങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള റബ്ബർഷീറ്റ് ഉത്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും പരിശീലനപരിപാടികൾക്കും നേതൃത്വം നൽകിയ തിരുവനന്തപുരം റബ്ബർബോർഡ് റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽ കുമാർ പദ്ധതിയെക്കുറിച്ച് വിശദീകരണം നടത്തി. വി.കെ. ശ്രീകുമാർ (ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്, റബ്ബർബോർഡ്) നിതിൻ മോഹൻ (സീനിയർ മാനേജർ, കാനറാബാങ്ക്), എസ്.ആർ. സുരേഷ് ബാബു (മാനേജിങ് ഡയറക്ടർ, അനന്തപുരി റബ്ബേഴ്സ്) തുടങ്ങിയവർ സംസാരിച്ചു. നിയന്ത്രിതകമിഴ്ത്തിവെട്ട് നടപ്പാക്കൽ, ഷീറ്റിങ് ബാറ്ററി, റബ്ബർനഴ്സറി തുടങ്ങിയവയുടെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ്








ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നിർവഹിച്ചു. അതോടൊപ്പം തോട്ടത്തിലെ ആവശ്യത്തിലേക്കായി കാനറാബാങ്ക് വാങ്ങിനൽകിയ ഉപകരണങ്ങളുടെ കൈമാറ്റവും അദ്ദേഹം നടത്തി. തുടർന്ന് ജെയിലിലെ അന്തേവാസികളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മികച്ച ലാറ്റക്സ് ഹാർവെസ്റ്റിങ് ടെക്നീഷ്യൻമാരായ ആർ. കബീർ, കെ.എസ് തോമസ് ജോയ്, ലാറൻസ് ഡി., ആർ. രാഗേഷ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ജെയിലിന്റെ മേൽനോട്ടത്തിലുള്ള റബ്ബർതോട്ടത്തെ ശാസ്ത്രീയമാർഗങ്ങളവലംബിച്ച് ഉത്തമമാതൃകയിലാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാരായ എസ്.എസ്. സദീശാനന്ദൻ, ജുനൈദ് എസ്. എന്നിവരെയും അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ എൻ.എസ്. അരുൺകുമാർ, കെ. അഭിരാജ് എന്നിവരെയും ആദരിച്ചു. തുറന്ന ജെയിലിലെ സംയോജിതകൃഷി വളരെ മാതൃകാപരമായി നിലനിർത്തുന്നതിന് ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചർ ഓഫീസർ ഡബ്ല്യു.ആർ. അജിത് സിംഗിനെയും ചടങ്ങിൽ ആദരിച്ചു. തുടർന്ന് റബ്ബർടാപ്പിങ് പരിശീലനം പൂർത്തിയാക്കിയ 60 അന്തേവാസികൾ സർട്ടിഫിക്കറ്റും ടാപ്പിങ്സാമഗ്രികളും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറിൽനിന്നും ഏറ്റുവാങ്ങി. ജെയിലിലെ പ്രിസൺ ഓഫീസർ സെയ്ദ് മുഹമ്മദ് കൃതജ്ഞത പറഞ്ഞു.

### നെട്ടുകാൽത്തേരി തുറന്ന ജെയിൽ

നെട്ടുകാൽതേരി തുറന്ന ജെയിലിലെ അന്തേവാസികൾക്ക് പ്രത്യാശയുടെയും ഉയിർത്തെഴുന്നേൽപിന്റെയും നുറുങ്ങുവെട്ടം തെളിക്കുകയാണ് റബ്ബർബോർഡിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾ.

തിരുവനന്തപുരത്തുള്ള നെട്ടുകാൽതേരി തുറന്ന ജെയിലിന്റെ 190 ഹെക്ടർ ഭൂമിയിൽ 160 ഹെക്ടറോളം സ്ഥലത്ത് റബ്ബർകൃഷിയാണ്. ഇതിനുപുറമെ 16 ഹെക്ടറോളം സ്ഥലത്ത് വാഴയും പച്ചക്കറികളുമുണ്ട്. നാടൻ പശുക്കൾ ഉൾപ്പെടെ 54 പശുക്കളും അത്യുത്പാദനശേഷിയുള്ള എരുമകളും ഇവിടുത്തെ ഡെയറി ഫാമിലുണ്ട്. മലബാറി ഇനത്തിൽപെട്ട നൂറിൽപരം ആടുകളെയും ഇവിടെ പരിപാലിക്കുന്നുണ്ട്. കൂടാതെ തേനീച്ച വളർത്തൽ, കൂൺകൃഷി, കോഴിവളർത്തൽ, താറാവ് വളർത്തൽ, തീറ്റപ്പുൽകൃഷി, മത്സ്യക്കൃഷി, ഔഷധസസ്യക്കൃഷി, പുഷ്പക്കൃഷി, ഫലവൃക്ഷക്കൃഷി തുടങ്ങി സമ്മിശ്രക്കൃഷിയുടെ ഉത്തമമാതൃകയാണ് നെട്ടുകാൽതേരി തുറന്ന ജെയിൽ.

കാർഷികവിജ്ഞാനത്തോടൊപ്പം റബ്ബർതോട്ടം മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉതകുന്ന നൈപുണ്യവികസന പരിശീലനപരിപാടികൾകൂടി നൽകിയപ്പോൾ ജയിലിൽ നിന്ന് പുറത്തിറങ്ങിയാൽ മാന്യമായി ടാപ്പിങ്തൊഴിൽ ചെയ്ത് അന്തസ്സായി ജീവിക്കാമെന്ന ആത്മവിശ്വാസത്തോടെ പുതിയ ജീവിതം സ്വപ്നം കാണുകയാണ് ഇവിടുത്തെ അന്തേവാസികൾ.

### റബ്ബർബോർഡിന്റെ പ്രവർത്തനങ്ങൾ



എട്ട് ദിവസം വീതം നീണ്ടുനിന്ന പരിശീലനപരിപാടികളിലൂടെ മൂന്ന് ബാച്ചുകളിലായി 60 അന്തേവാസികൾക്ക് ടാപ്പിങ് തൊഴിലിൽ വൈദഗ്ധ്യം നൽകി. 1990-കളിൽ കൃഷി ചെയ്ത 15,000 റബ്ബർമരങ്ങളിൽ ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നിയന്ത്രിതകമിഴ്ത്തിവെട്ട് ആരംഭിക്കാൻ വേണ്ട പരിശീലനവും അന്തേവാസികൾക്ക് നൽകി. കാനറാബാങ്ക് സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 1,53,000 രൂപ വിലയുള്ള ഷീറ്റിങ് ബാറ്ററി വാങ്ങി തുറന്ന ജെയിലിന് നൽകി. റബ്ബർതൈകൾ ശാസ്ത്രീയമായി ഉത്പാദിപ്പിച്ചെടുക്കുന്നതിന് ഒരു റബ്ബർനഴ്സറി ആരംഭിക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ പൂർത്തിയാക്കി. അടുത്ത വർഷം 50,000 റബ്ബർതൈകൾ ഈ നഴ്സറിയിൽ നിന്നും ഉത്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാട്ടുപോത്ത്, കാട്ടുപന്നി, മുള്ളൻപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യവും മറ്റു വെല്ലുവിളികളും കണക്കിലെടുത്ത് അതിരാവിലെ ടാപ്പിങ്ങിനിറങ്ങുന്ന അന്തേവാസികൾക്ക് ടാപ്പിങ്ലൈറ്റും മഴക്കാലത്ത് ഉപയോഗിക്കാൻ റെയിൻകോട്ടും കാനറാബാങ്കിന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്തു.

ജയിൽമോചിതരാകുന്ന വ്യക്തികൾ വീണ്ടും കുറ്റകൃത്യത്തിൽപെടുന്ന സാഹചര്യമുണ്ടാകാതെ സ്വന്തമായി ജോലി ചെയ്ത് വരുമാനമുണ്ടാക്കുന്നതിനും അതുവഴി അവരുടെ സാമൂഹിക പുനരധിവാസം സാധ്യമാകുന്നതിനും റബ്ബർബോർഡ് നൽകുന്ന ടാപ്പിങ്പരിശീലനപരിപാടികൾ ഉപകാരപ്പെടും എന്നത് തീർച്ചയാണ്.

തയ്യാറാക്കിയത് :
എസ്. നിർമൽകുമാർ (ഡെവലപ്മെന്റ് ഓഫീസർ ) & ദീപാ സുകുമാർ (ഫീൽഡ് ഓഫീസർ)




ബി. ശ്രീകുമാർ
പബ്ലിസിറ്റി ഓഫീസർ

# വാണിയമ്പലം സംഘവും മലിനജലസംസ്കരണവും

**റബ്ബറുത്പാദകസംഘങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സമൂഹസംസ്കരണശാലകളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം സംസ്കരിക്കുക എന്നത് സംഘങ്ങളെ സംബന്ധിച്ച് വളരെ പ്രധാനമാണ്. ഗുണമേന്മയുള്ള ഷീറ്റുകൾ നിർമിച്ച് വിപണനം നടത്തി റബ്ബർകർഷകർക്ക് വേണ്ടി മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വാണിയമ്പലം റബ്ബറുത്പാദകസംഘത്തിലെ മലിനജലസംസ്കരണസംവിധാനത്തെക്കുറിച്ച് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

വ്യവസായസ്ഥാപനങ്ങളിൽനിന്നും സംസ്കരണകേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളുന്ന മലിനജലം ജനവാസസ്ഥലങ്ങളിൽ പരിസര മലിനീകരണത്തിന് കാരണമാകുന്നു. ചില സ്ഥലങ്ങളിൽ വ്യവസായസ്ഥാപനങ്ങളും സംസ്കരണകേന്ദ്രങ്ങളും മറ്റും അടച്ചിടേണ്ട സ്ഥിതിവിശേഷവും ഇതിനാൽ ഉണ്ടായിട്ടുണ്ട്. റബ്ബർപാൽ സംസ്കരണമേഖലയിലും കാര്യങ്ങൾ വ്യത്യസ്തമല്ല.

റബ്ബർകർഷകർ വീടുകളിൽ തന്നെ ഷീറ്റ് നിർമിച്ച് വിപണനം ചെയ്യുന്ന രീതിക്ക് ഇന്ന് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. കൂടുതൽ റബ്ബറുത്പാദകസംഘങ്ങളിൽ സമൂഹസംസ്കരണ കേന്ദ്രങ്ങൾ വന്നതും സമീപകാലത്ത് സ്വകാര്യസംരംഭകർ പുകപ്പുരകൾ നിർമിച്ച് ഷീറ്റുനിർമാണം തുടങ്ങിയതുമെല്ലാമാണ് ഇതിനു കാരണം. റബ്ബർപാലായി വിപണനം ചെയ്യുമ്പോൾ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട വില ഷീറ്റായി വിപണനം ചെയ്യുമ്പോൾ ലഭിക്കുന്നു. കൂടാതെ, സമൂഹസംസ്കരണശാലകളിലൂടെ ഷീറ്റു നിർമിക്കുമ്പോൾ അവയ്ക്ക് ഒരേ സ്വഭാവവും ഗുണമേന്മയും ഉണ്ടാകുമെന്നതിനാൽ ഷീറ്റിന് വിപണിയിൽ മികച്ച വില ലഭിക്കുകയും ചെയ്യും. അതിനാൽ കർഷകന് എന്തുകൊണ്ടും സമൂഹസംസ്കരണശാലകളിലൂടെയുള്ള ഷീറ്റുനിർമാണമാണ് ആദായകരവും സൗകര്യപ്രദവും.



സംസ്കരണശാലയിലെ ഷീറ്റുനിർമാണം



സംഘം പ്രസിഡന്റുമായി റബ്ബർബോർഡുദ്യോഗസ്ഥർ ചർച്ച നടത്തുന്നു

എന്നാൽ, കർഷകർ സ്വന്തം തോട്ടങ്ങളിൽ ഷീറ്റുണ്ടാക്കുമ്പോൾ പുറന്തള്ളുന്ന മലിനജലംമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിസ്ഥിതി ആഘാതങ്ങളേക്കാൾ വളരെക്കൂടുതലാണ് ഈ പ്രക്രിയ സമൂഹസംസ്കരണരീതിയിൽ ചെയ്യുമ്പോൾ ഉണ്ടാകുന്നത്. മലിനജലം ഒരേ സ്ഥലത്തുതന്നെ വലിയൊരളവിൽ നിരന്തരം കേന്ദ്രീകരിക്കുന്നതാണ് ഇതിനു കാരണം. ശാസ്ത്രീയമായി രൂപകൽപന ചെയ്ത മലിനജലസംസ്കരണപ്ലാന്റ് സംസ്കരണകേന്ദ്രത്തോടൊപ്പം സ്ഥാപിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമാകും.

## വാണിയമ്പലം സംഘം

സംസ്കരണശാലയിൽനിന്ന് പുറന്തള്ളിയിരുന്ന മലിനജലം കാരണം പരിസരവാസികളുടെ പ്രതിഷേധത്തിന് കാരണമാകുകയും തുടർന്ന് പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും പിന്നീട് അവയെല്ലാം പരിഹരിച്ച് ഇന്ന് നല്ലരീതിയിൽ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്ന റബ്ബറുത്പാദകസംഘമാണ് മലപ്പുറം ജില്ലയിൽ വണ്ടൂരിനടുത്തുള്ള വാണിയമ്പലം സംഘം. 1990-ലാണ് സംഘം പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ വളം വിതരണം മാത്രമായിരുന്നു പ്രവർത്തനം. 2003-ലാണ് സമൂഹസംസ്കരണശാല എന്ന ഉദ്ദേശ്യത്തോടെ 20 സെന്റ് സ്ഥലം സംഘം സ്വന്തമാക്കിയത്. 2006-ൽ ഷീറ്റുനിർമാണം ആരംഭിക്കുകയും ചെയ്തു. 2008-ൽ രണ്ടാമത്തെ പുകപ്പുരയുടെ പണി തീർത്തു. സംഘത്തിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് പോകുന്ന സമയത്ത്, 2014-ൽ റബ്ബർ സംസ്കരണശാലയിൽനിന്നു പുറത്തു വരുന്ന മലിനജലം സമീപവാസികൾക്ക് ബുദ്ധിമുട്ടായി വന്നു. തുടർന്ന് സംഘത്തിന് ഷീറ്റുനിർമാണം നിർത്തി വെയ്ക്കേണ്ടി വന്നു. എന്നാൽ, സംഘം പ്രസിഡന്റ് കെ.വി. വിജയനും സംഘം ഭാരവാഹികളും പിന്തിരിയാൻ തയാറായില്ല. അവർ അതിന് ശാശ്വതപരിഹാരം കാണാൻ റബ്ബർബോർഡിനെ സമീപിച്ചു. റബ്ബർബോർഡ് നിഷ്കർഷിച്ച രീതിയിൽ മലിനജലസംസ്കരണപ്ലാന്റ് പണിത് സംസ്കരണത്തിനുശേഷം പുറത്തേക്കുവരുന്ന ജലം പൂർണമായും മാലിന്യമുക്തമാണ് എന്ന് ഉറപ്പുവരുത്തി. റബ്ബർബോർഡിലെ അന്നത്തെ പതോളജി വിഭാഗം ശാസ്ത്രജ്ഞൻ ഡോ. ജേക്കബ് മാത്യുവിന്റെ നിർദ്ദേശപ്രകാരമായിരുന്നു പ്ലാന്റിന്റെ നിർമാണം. ഇതിന് അന്ന് ഏകദേശം 13 ലക്ഷം രൂപ ചെലവു വന്നു. ഇതിനുശേഷവും പരിസരവാസികളുടെ എതിർപ്പ് കാരണം സംസ്കരണം തുടങ്ങാൻ നിയമത്തിന്റെ വഴി തേടേണ്ടി വന്നതായും സംഘം പ്രസിഡന്റ് വിജയൻ പറഞ്ഞു.

അങ്ങനെ രണ്ടു വർഷത്തെ ഇടവേളയ്ക്കുശേഷം സംഘത്തിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. അതിനുശേഷം സംഘത്തിന് ഇതുവരെ മലിനജലവുമായി ബന്ധപ്പെട്ട ഒരു പ്രശ്നങ്ങളും ഉണ്ടായിട്ടില്ല. മലിനജലശുദ്ധീകരണ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി ചെയ്യണമെന്നും അതിൽ യാതൊരു ഉപേക്ഷയും പാടില്ലെന്നും മുൻ സൈനികൻ കൂടിയായ വിജയൻ പറയുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ചിട്ടയോടെ മുന്നോട്ടു പോകുന്നു. പ്രദേശത്തെ 200 കർഷകരുടെ തോട്ടത്തിലെ റബ്ബർപാൽ സംസ്കരിക്കുന്നത് സംഘത്തിലാണ്. ഇവിടെ ഉത്പാദിപ്പിക്കുന്നത് ഏതാണ്ട് പൂർണമായും ആർഎസ്എസ് 1X ഗ്രേഡിലുള്ള ഷീറ്റാണ്. പ്രതിമാസം ശരാശരി 14-15 ടൺ ഷീറ്റ് ഉത്പാദിപ്പിക്കുന്നുണ്ട്.

ഷീറ്റുവിപണനം പൂർണമായും നിലമ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റബ്ബർബോർഡ് കമ്പനിയായ തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് മുഖേനയാണ്. കമ്പനി



വാണിയമ്പലം സംഘം ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഷീറ്റുമായി പ്രസിഡന്റ് കെ.വി. വിജയൻ





*മലിനജലസംസ്കരണശാലയുടെ ദൃശ്യങ്ങൾ*

ക്ക് മികച്ച ഷീറ്റ് നൽകുന്ന സംഘമാണ് വാണിയമ്പലം സംഘമെന്ന് കമ്പനി മാനേജിങ് ഡയറക്ടർ ജോബി തോമസ് പറഞ്ഞു. മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംഘത്തിന്റെ പ്രത്യേകത എന്നാണ് നിലമ്പൂർ റബ്ബർ ബോർഡ് റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് ജസ്റ്റിൻ സി. എം.-ന്റെ അഭിപ്രായം. സംഘം പ്രസിഡന്റ് കെ.വി. വിജയന്റെ ഒപ്പമുള്ള മറ്റു ഭരണസമിതിയംഗങ്ങൾ എം. വാസുദേവൻ, വി.പി. സുബ്രഹ്മണ്യൻ, കെ. ശിവശങ്കരൻ, കെ.ടി. അബ്ദുൽ ഗഫൂർ, സി.വി. വേണുരാജ്, ഇ. രാമചന്ദ്രൻ എന്നിവരാണ്. റബ്ബർബോർഡ് ഫീൽഡ് ഓഫീസർ മെജോഷ് ജോസ് ആണ് ഭരണസമിതിയിൽ ബോർഡിന്റെ പ്രതിനിധി. കളക്ഷൻ ഏജന്റ് പി.എസ്. അജിത് സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നു.

### മലിനജലസംസ്കരണം

റബ്ബർപാൽ കട്ടിയായശേഷം മിച്ചം വരുന്ന വെള്ളം, തറയിൽ വീഴുന്ന പാൽ, കഴുകാനും മറ്റും ഉപയോഗിക്കുന്ന വെള്ളം എന്നിവയാണ് ഷീറ്റുനിർമാണത്തിൽ പ്രധാനമായും മലിനജലമായി മാറുന്നത്. വെള്ളത്തിലെ റബ്ബറിന്റെ അംശം സംസ്കരണ പ്ലാന്റിൽ എത്തി കാലക്രമേണ പ്ലാന്റിനുള്ളിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഇത് നീക്കേണ്ടത് അത്യാവശ്യമാണ്.

റബ്ബർബോർഡ് നിഷ്കർഷിക്കുന്ന രീതിയിൽ വാണിയമ്പലം സംഘത്തിൽ നിർമിച്ച മലിനജലസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനമെങ്ങനെയെന്ന് നോക്കാം. ഷീറ്റുനിർമാണത്തിനുപയോഗിച്ച വെള്ളം ഒരു ടാങ്കിൽ കെട്ടി നിർത്തി റബ്ബർ ഉറകൂട്ടി മാറ്റുകയാണ് ആദ്യ നടപടി. പാൽ ഉറകൂട്ടിയ ഡിഷിൽ നിന്ന് പാൽക്കട്ടി മാറ്റിയശേഷം അവശേഷിക്കുന്ന വെള്ളവും റോളർ ഉപയോഗിച്ച് പാൽക്കട്ടി ഷീറ്റാക്കുമ്പോൾ പുറത്തേക്കു വരുന്ന വെള്ളവും ഒന്നിച്ച് പ്രത്യേകം തയ്യാറാക്കിയ ഒരു ഫിൽറ്റർ ബെഡിലൂടെ കടത്തിവിട്ട് റബ്ബറിന്റെ അംശങ്ങൾ മാറ്റുന്നു. ഒരു ചെറിയ ടാങ്കിനുള്ളിൽ വലുതും ചെറുതുമായ കരിങ്കൽ കഷണങ്ങളും അതിനു മുകളിലായി ചകിരിനാരും അടുക്കിയാണ് ഫിൽറ്റർ ബെഡ് തയ്യാറാക്കുന്നത്. റബ്ബറിന്റെ അംശങ്ങൾ നീക്കം ചെയ്തശേഷം ഈ ജലം മൂന്നാമതൊരു ടാങ്കിൽ ശേഖരിക്കുന്നു. ഈ ടാങ്കിലെ വെള്ളം, സൂക്ഷ്മജീവികളുടെ ദഹനത്തിനായി പ്രത്യേകം രൂപകൽപന ചെയ്ത സംവിധാനത്തിലേക്ക് കടത്തിവിടുന്നു. ഏകദേശം 24 മണിക്കൂർ കൊണ്ട് മലിനജലത്തിന്റെ 90 ശതമാനത്തിലധികം സംസ്കരണമാണ് ഈ സംവിധാനത്തിലൂടെ നടക്കുന്നത്. ഒപ്പം ബയോഗ്യാസിന്റെ ഉത്പാദനം ഉണ്ടാകുകയും ചെയ്യുന്നു. ഈ സംവിധാനത്തെ ഹൈ റേറ്റ് മെത്തനോജനിക് റിയാക്ടർ (High Rate Methenogenic Reactor-HRMR) എന്നാണ് അറിയപ്പെടുന്നത്. അവശേഷിക്കുന്ന മാലിന്യം നീക്കുന്നതിനായി എയ്റോബിക് രീതിയാണ് തുടർന്ന് ഉപയോഗിക്കുന്നത്. സൂക്ഷ്മജീവികൾ ജൈവാംശങ്ങളുടെ ദഹനത്തിനായി ജലത്തിൽ ലയിച്ചിരിക്കുന്ന വായു ഉപയോഗിക്കുന്നു. അതിനാൽ, ജലത്തിൽ കുറവുവരുന്ന വായു (oxygen) വിനു പകരം കൃത്രിമമായി യന്ത്രസഹായത്താൽ വായു നൽകുന്ന സംവിധാനമാണ് എയ്റോബിക് രീതി. അന്തരീക്ഷവായു ഒരു ബ്ലോവറിന്റെ സഹായത്താൽ മലിനജലം കെട്ടി നിർത്തിയിരിക്കുന്ന ടാങ്കിന്റെ അടിയിൽ സ്ഥാപിച്ചിരിക്കുന്ന ഡിഫ്യൂസറിൽ കൂടി ശക്തിയായി പ്രവഹിപ്പിച്ച് ചെറിയ കുമിളകളായി വെള്ളത്തിൽ കൂടി കടത്തിവിട്ട് വായുവിനെ വെള്ളത്തിൽ ലയിപ്പിക്കുന്ന സംവിധാനമാണ് ഇവിടെ ഉപയോഗിക്കുന്നത്. അന്തരീക്ഷവായു ഇപ്രകാരം നിരന്തരം വെള്ളത്തിലൂടെ പ്രവഹിപ്പിക്കുന്നതുമൂലം സൂക്ഷ്മജീവികൾ മാലിന്യം ദഹിപ്പിച്ച് ജലം പൂർണമായും മാലിന്യമുക്തമാക്കുന്നു.

റബ്ബർപാൽ സംസ്കരണകേന്ദ്രങ്ങളിൽ മലിനജലസംസ്കരണത്തിന് മികച്ച സംവിധാനമാണിത്. ചാണകത്തിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപവത്കരിച്ചിരിക്കുന്ന ബയോഗ്യാസ് അഥവാ ഗോബർഗ്യാസ് പ്ലാന്റുകൾ മലിനജലസംസ്കരണത്തിന് ഫലപ്രദമല്ല. റബ്ബർപാൽ സംസ്കരണകേന്ദ്രങ്ങളിലെല്ലാം സംസ്കരണരീതികൾ ഏതാണ്ട് ഒരുപോലെയാണെങ്കിലും ഓരോ സംസ്കരണശാലയിലും ജലത്തിലെ മാലിന്യത്തിന്റെ അളവ് വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ ഓരോ സംസ്കരണകേന്ദ്രത്തിലെയും സംസ്കരണരീതികളും മലിനജലത്തിന്റെ സ്വഭാവവും അളവും പഠിച്ചശേഷം മലിനജലസംസ്കരണ പദ്ധതിക്ക് രൂപം നൽകുന്നതാണ് ഉചിതം. സംസ്കരണ പ്ലാന്റ് സ്ഥാപിക്കേണ്ട സ്ഥലവും പരിസരവും തെരഞ്ഞെടുക്കുമ്പോഴും പ്രത്യേകം ശ്രദ്ധിക്കണം. •

# 'റബ്ഫാം' ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം നടത്തി



'റബ്ഫാം' ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം സംസ്ഥാന സഹകരണ, തുറമുഖവകുപ്പു മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു. അഡ്വ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (എം.എൽ.എ.), ഡോ. സാവർ ധനാനിയ (ചെയർമാൻ, റബ്ബർബോർഡ്), തോമസ് ചാഴികാടൻ (എം.പി.), ഡോ. ജേക്കബ് മാത്യു (ചെയർമാൻ, റബ്ഫാം) എന്നിവർ സമീപം (ഇടത്തുനിന്ന്).

കാർഷക ഉത്പാദക കമ്പനി (Farmer Producer Company) യായ 'റബ്ഫാം' കർഷകരിൽ നിന്ന് നേരിട്ട് ശേഖരിക്കുന്ന റബ്ബർ ഉപയോഗിച്ച് നിർമിക്കുന്ന മൂല്യവർദ്ധിത ഉത്പന്നങ്ങളായ ഗ്രോബാഗ്, ഇൻഡോർ/ ഔട്ട് ഡോർ ചെടിച്ചട്ടികൾ എന്നിവയുടെ വിപണനോദ്ഘാടനം 2023 ഡിസംബർ 31-ന് കോട്ടയം ബസേലിയോസ് കോളജ് ആഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ സംസ്ഥാന സഹകരണ, തുറമുഖവകുപ്പു മന്ത്രി വി.എൻ. വാസവൻ നിർവഹിച്ചു. യോഗത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. അദ്ധ്യക്ഷനായിരുന്നു. കമ്പനിയുടെ വെബ്സൈറ്റിന്റെ പ്രകാശനം തോമസ് ചാഴികാടൻ എം.പി. നിർവഹിച്ചു. യോഗത്തെ അഭിസംബോധന ചെയ്ത റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ കമ്പനിയുടെ ആദ്യത്തെ 'ഇൻസ്റ്റിറ്റ്യൂഷണൽ ഷെയർ' വിതരണം ചെയ്തു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, റബ്ബർബോർഡ് അംഗങ്ങളായ പി. രവീന്ദ്രൻ, കോര സി. ജോർജ്; കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ പ്രീതി പോൾ, എൻ.സി.ആർ.പി.എസ്. സെക്രട്ടറി ബാബു ജോസഫ് എന്നിവർ യോഗത്തിൽ സംസാരിച്ചു. യോഗത്തിൽ സ്വാഗതം ആശംസിച്ച കമ്പനി ചെയർമാൻ ഡോ. ജേക്കബ് മാത്യു കമ്പനിയുടെ ഉദ്ദേശ്യത്തെക്കുറിച്ചും നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ചും വിവരിച്ചു. കമ്പനി ഡയറക്ടർ സെസിൽ വർക്കി കൃതജ്ഞത പറഞ്ഞു.

കോട്ടയംജില്ലയിൽ പാലാ ആസ്ഥാനമായാണ് 'റബ്ഫാം' പ്രവർത്തിക്കുന്നത്. കേരളസർക്കാരിന്റെ കൃഷിവകുപ്പ് 'രാഷ്ട്രീയ കൃഷി വികാസ് യോജന' (RKVY) പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചെറുകിടകർഷക കാർഷിക കൺസോർഷ്യത്തിന്റെ (SFAC) പ്രോത്സാഹനത്തോടെയാണ് ചെറുകിടറബ്ബർകർഷകരെ ചേർത്ത് 'റബ്ഫാം' രൂപവത്കരിച്ചത്. പ്രകൃതിദത്തറബ്ബറുത്പന്നങ്ങൾ നിർമിച്ച് ചെറുകിടകർഷകർക്ക് അധിക വരുമാനം നൽകുകയാണ് കമ്പനിയുടെ ലക്ഷ്യം. ദീർഘകാലം ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതിസൗഹൃദ റബ്ബറുത്പന്നങ്ങൾ നിർമിക്കാനാണ് കമ്പനി ലക്ഷ്യം വയ്ക്കുന്നതെന്നും ഇപ്പോൾ വിപണിയിലെത്തിച്ച ചെടിച്ചട്ടികൾ വെയിലത്തിരുന്നാലും നിറം മങ്ങാത്തവയാണെന്നും കമ്പനി അവകാശപ്പെടുന്നു. റബ്ബർ ഗ്രോബാഗിനും പൂച്ചട്ടികൾക്കും പുറമേ റബ്ബർബാൻഡ്, ചൂലുകൾക്കുള്ള റബ്ബർ കൈപ്പിടി, ഇൻഡസ്ട്രിയൽ ഗ്ലൗസുകൾ, വിരലുറകൾ എന്നിവ 'റബ്ഫാം' ബ്രാൻഡിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കമ്പനിയുടെ ഭാരവാഹികൾ ഡോ. ജേക്കബ് മാത്യു (ചെയർമാൻ); ജോമോൻ ജോസഫ് (സി.ഇ.ഒ.), സെസിൽ വർക്കി, ഷീബാ ബാലഗോപാലൻ, ബിജു ആർ.കെ., തോമസ് പാസ്കൽ, ഷിജോമോൻ മാത്യു, പ്രാൺ ബേബി എന്നിവരാണ്.



മാത്യു റ്റി.വി.
ഡെവലപ്മെന്റ് ഓഫീസർ

റബ്ബർബോർഡ് @ 75 7

# സ്റ്റാറ്റിസ്റ്റിക്സ്, തൊഴിലാളിക്ഷേമ വിഭാഗങ്ങൾ

ഏതൊരു രാജ്യത്തിന്റെയും ലക്ഷ്യബോധത്തോടെയുള്ള റബ്ബർകൃഷിവികസനത്തിന് സ്ഥിതിവിവരക്കണക്കുകളുടെ പിൻബലവും ആസൂത്രണവും അത്യന്താപേക്ഷിതമാണ്. റബ്ബർബോർഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് വിഭാഗം ഇന്ത്യൻ റബ്ബർകൃഷിമേഖലയുടെ സുസ്ഥിര വികസനത്തിന് ഗണ്യമായ സംഭാവനകൾ നൽകി വരുന്നു. 1947-ലെ 'റബ്ബർ ആക്റ്റി'ന്റെയും 1955-ലെ 'റബ്ബർ റൂൾസി'ന്റെയും അടിസ്ഥാനത്തിൽ 1957-ലാണ് ഈ ഡിവിഷൻ നിലവിൽ വന്നത്.

ഇന്ത്യയിലെ റബ്ബർവ്യവസായത്തിന്റെ പ്രവർത്തനം സസൂക്ഷ്മം വിലയിരുത്തുന്നതോടൊപ്പം സ്ഥിതിവിവരക്കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിലും വിവരങ്ങൾ സമയബന്ധിതമായി ക്രോഡീകരിക്കുന്നതിലും ഈ ഡിവിഷൻ ബദ്ധശ്രദ്ധമാണ്. കൃത്യമായ ആസൂത്രണത്തിനും സുസ്ഥിര വികസനത്തിനുമുള്ള തന്ത്രപ്രധാനമായ തീരുമാനങ്ങൾ എടുക്കുന്നതിനും സ്ഥിതിവിവരക്കണക്കുകളുടെ ആവശ്യകത വലുതാണ്. ഉദാഹരണത്തിന് ഇന്ത്യയിലെ റബ്ബർതോട്ടങ്ങളുടെ ഉത്പാദനക്ഷമതയെക്കുറിച്ച് മനസ്സിലാക്കുമ്പോൾ ഏകദേശം 22 ശതമാനം വരുന്ന ഉത്പാദനക്ഷമതയില്ലാത്ത പ്രായമായ മരങ്ങളുടെ സ്വാധീനം ഒരു മുഖ്യഘടകമായി വരുന്നു. ഇവയെ ഘട്ടം ഘട്ടമായി ആവർത്തനക്കൃഷി ചെയ്ത് മെച്ചപ്പെട്ട പുതിയ ഇനങ്ങൾ നട്ടുപിടിപ്പിക്കുക വഴി ഉത്പാദനക്ഷമതയിൽ ഗുണകരമായ മാറ്റം ഉണ്ടാക്കാൻ കഴിയും എന്നത് പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ മുൻഗണനാ






വിഷയമായി വരുന്നതുകാണാം. ഇപ്രകാരമാണ് സ്ഥിതിവിവരക്കണക്കുകളുടെ പിൻബലം നമ്മുടെ പദ്ധതികളെ സുസ്ഥിരവും ദൃഢവുമാക്കുന്നത്.

ഔദ്യോഗികമായ സ്ഥിതിവിവരക്കണക്കുകൾ എല്ലാ മാസാന്ത്യത്തിലും വർഷാന്ത്യത്തിലും പ്രസിദ്ധീകരിക്കുക, തദ്ദേശീയവും അന്തർദേശീയവുമായ റബ്ബർവ്യവസായരംഗങ്ങളെ നിരീക്ഷിക്കുകയും റബ്ബറിന്റെ ലഭ്യതയും ആവശ്യകതയും (demand) തമ്മിലുള്ള അന്തരം ഉണ്ടാക്കുന്ന ഹ്രസ്വകാല-ദീർഘകാല പ്രതിസന്ധികളെ തിരിച്ചറിയുക; പ്രതിമാസ സാമ്പിൾ സർവ്വേകളിലൂടെ ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ വിസ്തൃതി, പ്രതിമാസ ഉത്പാദനം, വിൽപന, റബ്ബർ സ്റ്റോക്ക് എന്നിവ നിർണയിക്കുക; ഉത്പാദനക്ഷമതയിലുണ്ടാകുന്ന പ്രാദേശിക വ്യതിയാനങ്ങൾ, ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള കാർഷിക സാങ്കേതികവിദ്യകളുടെ പ്രയോഗം എന്നിവയെക്കുറിച്ചുള്ള വിശകലനം എന്നിവയെല്ലാം സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷന്റെ ദൗത്യങ്ങളിൽപെടുന്നു.

കൂടാതെ, റബ്ബർതോട്ടങ്ങളുടെ സെൻസസ് നടത്തുക; ഇതിനായി രൂപകല്പന ചെയ്ത 'റുബാക്' (RUBAC) എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി റബ്ബർകൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ യഥാർത്ഥ വിസ്തൃതി, ടാപ്പുചെയ്യുന്ന തോട്ടങ്ങളുടെ വിസ്തൃതി, റബ്ബർമരങ്ങളുടെ പ്രായം, പുതുതായി വികസിപ്പിച്ചെടുത്ത നടീലിനങ്ങളുടെ ഉപയോഗത്തിന്റെ തോത്, വിവിധ സാങ്കേതികവിദ്യകളുടെ പ്രചാരം, റബ്ബറുത്പാദകസംഘങ്ങളുടെ രൂപവത്കരണം, അടിസ്ഥാനസൗകര്യങ്ങൾ, തോട്ടമുടമകളുടെയും ടാപ്പർമാരുടെയും സ്ഥിതിവിവരക്കണക്കുകൾ തുടങ്ങി ബൃഹത്തായ അടിസ്ഥാനവിവരങ്ങളുടെ ശേഖരണവും 'ഡേറ്റാബേസ്' (data base) തയ്യാറാക്കലും നടത്തുന്നത് സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷനാണ്.

കൃത്യമായ ഇടവേളകളിലെ സർവ്വേകളുടെ അടിസ്ഥാനത്തിൽ അപഗ്രഥന റിപ്പോർട്ടുകൾ തയ്യാറാക്കൽ, റബ്ബറിന്റെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിൽ വരുംകാലങ്ങളിലെ ആവശ്യകതയെക്കുറിച്ചുള്ള പ്രവചനങ്ങൾ നടത്തുക, റബ്ബറുമായി ബന്ധപ്പെട്ട അന്തർദേശീയ സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുക, ഇന്റേണൽ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് മോണിട്ടറിങ് കമ്മറ്റി മീറ്റിങ്ങുകൾ (ISMC) സംഘടിപ്പിക്കുക, സ്റ്റാറ്റിസ്റ്റിക്സ് കൺസൾട്ടേറ്റീവ് പാനൽ (SCP) മീറ്റിങ്ങുകൾ സംഘടിപ്പിച്ച് കണക്കുകളുടെ കൃത്യത അവലോകനം ചെയ്ത് ആവശ്യമെങ്കിൽ അവയുടെ രീതിശാസ്ത്രം പരിശോധിച്ച് ഉചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക എന്നിവയെല്ലാം ഈ ഡിവിഷന്റെ ചുമതലയാണ്.

### റബ്ബർ സ്റ്റാറ്റിസ്റ്റിക്കൽ ന്യൂസ്

റബ്ബറിന്റെ പ്രതിമാസ ഉത്പാദനം, ഉപഭോഗം, ഇറക്കുമതി, കയറ്റുമതി, പ്രകൃതിദത്തറബ്ബറിന്റെ വിവിധ ഇനങ്ങൾ; കൃത്രിമ റബ്ബർ, റീക്ലെയ്മ്ഡ് റബ്ബർ എന്നിവയുടെ സ്റ്റോക്ക്, വിലനിലവാരം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങുന്ന റബ്ബർ സ്റ്റാറ്റിസ്റ്റിക്കൽ ന്യൂസ് എല്ലാ മാസവും റബ്ബർബോർഡിന്റെ വെബ്സൈറ്റിലൂടെ പ്രസിദ്ധീകരിക്കുന്നത് ഈ ഡിവിഷനാണ്.

### ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ്

റബ്ബർമേഖലയുമായി ബന്ധപ്പെട്ട സമഗ്രവിവരങ്ങളടങ്ങിയ 'ഇന്ത്യൻ റബ്ബർ സ്റ്റാറ്റിസ്റ്റിക്സ്' എന്ന പുസ്തകം എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നത് സ്റ്റാറ്റിസ്റ്റിക്സ് ഡിവിഷനാണ്.

ഇതുകൂടാതെ, റബ്ബർ റിസേർച്ച് ഡിപ്പാർട്ടുമെന്റിന്റെ വിവിധ പരീക്ഷണങ്ങൾക്കുവേണ്ടിയുള്ള രൂപരേഖകൾ തയ്യാറാക്കുകയും പരീക്ഷണനിരീക്ഷണങ്ങളുടെ വിശകലനങ്ങളും വ്യാഖ്യാനങ്ങളും യഥോചിതം നൽകുകയും ചെയ്ത് സുസ്ഥിര റബ്ബർകൃഷിവികസനത്തിന് വേണ്ടിയുള്ള ബോർഡിന്റെ നയങ്ങൾക്ക് പിൻബലമായി ഈ ഡിവിഷൻ നിലകൊള്ളുന്നു.

### ലേബർ വെൽഫെയർ ഡിവിഷനും തൊഴിലാളി ക്ഷേമപദ്ധതികളും

ഇന്ത്യയിലൊട്ടാകെ 1.32 ദശലക്ഷം ചെറുകിട റബ്ബർ തോട്ടങ്ങളുണ്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ 538 വൻകിടത്തോട്ടങ്ങളും നിലവിലുണ്ട്. ഈ തോട്ടങ്ങളിലെല്ലാംകൂടി അഞ്ചുലക്ഷത്തിലധികം തൊഴിലാളികൾ സ്ഥിരമായി ജോലിചെയ്തുവരുന്നു.

എന്നാൽ, ഭൂരിപക്ഷം വരുന്ന ചെറുകിടത്തോട്ടം മേഖലയിലെ തൊഴിലാളികൾ മേൽപറഞ്ഞ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽപെടാത്തവരും അസംഘടിതരുമാണ്. അതുകൊണ്ടുതന്നെ സാമൂഹികസുരക്ഷാ പദ്ധതികളുടെ ആനുകൂല്യങ്ങളൊന്നും തന്നെ ഇവർക്ക് ലഭിക്കുന്നുമില്ല. 1947-ലെ റബ്ബർ ആക്റ്റ്, ചെറുകിടത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽസാഹചര്യങ്ങൾ ഒരുക്കുന്നതിനും മെച്ചപ്പെട്ട സൗകര്യങ്ങളും ഇതര പ്രോത്സാഹനങ്ങളും നൽകുന്നതിനും വിഭാവനം ചെയ്യുന്നു. അതനുസരിച്ച്, ചെറുകിട-നാമമാത്ര തോട്ടങ്ങളിൽ ജോലിചെയ്യുമ്പോഴും യാതൊരുവിധ സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളുടെയും പരിധിയിൽ







വരാത്ത ഈ തൊഴിലാളികൾക്കുവേണ്ടി റബ്ബർബോർഡ് നിരവധി ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പ്രാരംഭകാലങ്ങളിൽനിന്ന് വ്യത്യസ്തമായി സമൂഹ സംസ്കരണശാലകളിലെ തൊഴിലാളികൾ, വനിതകൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്തുകയുണ്ടായി. ചെറുകിടത്തോട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വനിതാ തൊഴിലാളികളുടെ എണ്ണം വൻകിടത്തോട്ടങ്ങളിൽ വളരെ കൂടുതലാണ്. ഇത് വൻകിടത്തോട്ടങ്ങൾ നൽകിവരുന്ന പ്രസവാനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികളുടെ സ്വാധീനമാണെന്നു മനസ്സിലാക്കി ചെറുകിടത്തോട്ടങ്ങളിലേക്ക് വനിതകളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ബോർഡ് കാലോചിതമായി ഉൾപ്പെടുത്തുകയുണ്ടായി. സ്വയം ടാപ്പുചെയ്യുന്ന തോട്ടമുടമകൾക്കും ഇപ്പോൾ വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഈ പദ്ധതികൾക്ക് നേതൃത്വം നൽകുന്നത് റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമവിഭാഗമാണ്. റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റിലെ വികസനോദ്യോഗസ്ഥരാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. താഴെ പറയുന്ന പദ്ധതികളാണ് ഇപ്പോൾ നിലവിലുണ്ട്.

### വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

ചെറുകിടത്തോട്ടങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിനുള്ള പ്രോത്സാഹനം എന്ന നിലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.



ഈ പദ്ധതിപ്രകാരം പ്ലസ് വൺ, പ്ലസ് ടു ക്ലാസ് മുതൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നവർക്കും ഡോക്ടറൽ, പോസ്റ്റ് ഡോക്ടറൽ തുടങ്ങിയ കോഴ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഓരോ അക്കാദമിക് സെഷനിലും സ്റ്റൈപ്പന്റ് ആയി 2500 മുതൽ 10,000 വരെ രൂപയും പ്രതിമാസ ഹോസ്റ്റൽ ഫീസായി 700 മുതൽ 1000 വരെ രൂപ വരെയും (8 മാസത്തേക്ക്) ലഭിക്കുന്നു. മാത്രമല്ല, വനിതാ ടാപ്പർമാരുടെയും ടാപ്പർ ഗ്രൂപ്പിൽ അംഗങ്ങളായ ടാപ്പർമാരുടെയും മക്കൾക്ക് 1000 രൂപ അധിക സ്റ്റൈപ്പന്റായും നൽകുന്നുണ്ട്.

### മെറിറ്റ് അവാർഡ്

ഈ പദ്ധതി അനുസരിച്ച് എസ്.എസ്.എൽ.സി.- യോ തത്തുല്യമോ ആയ കോഴ്സുകൾ മുതൽ ബിരുദാനന്തരബിരുദം വരെയുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതത് കോഴ്സുകൾ പൂർത്തിയാക്കുമ്പോൾ 60 ശതമാനം മാർക്കോ ബി-ഗ്രേഡോ ലഭിച്ചാൽ 2000 മുതൽ 7000 വരെ രൂപ മെറിറ്റ് അവാർഡായി നൽകുന്നുണ്ട്.

### ക്യാഷ് അവാർഡ്

സ്പോർട്സ്, ഗെയിംസ്, ആർട്സ് വിഷയങ്ങളിൽ അസാധാരണമായ നേട്ടം കൈവരിക്കുന്ന റബ്ബർതോട്ടം തൊഴിലാളികളുടെ മക്കൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലാണ് ഈ അവാർഡ് നൽകുന്നത്.

### വൈദ്യസഹായപദ്ധതികൾ

#### *മാരകമല്ലാത്ത രോഗങ്ങളുടെ ചികിത്സയ്ക്കുള്ള ധനസഹായം*

ചെറുകിടത്തോട്ടങ്ങളിലെ ടാപ്പിങ്തൊഴിലാളികൾ, ടാപ്പർഗ്രൂപ്പിൽ അംഗങ്ങളായിട്ടുള്ള ടാപ്പർമാർ, സമൂഹ സംസ്കരണശാലകളിലെ തൊഴിലാളികൾ എന്നിവർക്ക് ഈ ധനസഹായം ലഭിക്കും. ചികിത്സാച്ചെലവിനനുസരിച്ച് സാധാരണ ടാപ്പിങ്തൊഴിലാളികൾക്ക് പ്രതിവർഷം പരമാവധി 5000 രൂപ വരെയും ടാപ്പർബാങ്കിൽ അംഗങ്ങളായിട്ടുള്ള ടാപ്പർമാർക്കും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ടാപ്പർമാർക്കും പ്രതിവർഷം 7000 രൂപ വരെയും വനിതാടാപ്പർമാർക്ക് പ്രതിവർഷം 7500 രൂപ വരെയും ലഭിക്കും.





### മാരകമായ രോഗങ്ങളുടെ ചികിത്സയ്ക്കുള്ള ധനസഹായം

മാരകരോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ രോഗങ്ങൾ, കരൾരോഗം, പക്ഷാഘാതം, തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങൾ, ക്ഷയരോഗം തുടങ്ങിയ ജീവനാശകങ്ങളായ രോഗങ്ങളുടെ ചികിത്സയ്ക്ക് ടാപ്പർമാർക്കും അവരെ ആശ്രയിച്ചു ജീവിക്കുന്ന ഭാര്യ/ഭർത്താവ് എന്നിവർക്കും അഞ്ച് വർഷത്തിലൊരിക്കൽ ലഭിക്കുന്ന ധനസഹായമാണിത്. പരമാവധി 30,000 രൂപയാണ് സഹായമായി ലഭിക്കുക.

### ഭവനപദ്ധതി

ചെറുകിട, വൻകിടത്തോട്ടങ്ങളിലെ ടാപ്പിങ് തൊഴിലാളികൾ, വൻകിടത്തോട്ടങ്ങളിലെ സാധാരണ തൊഴിലാളികൾ, സൂപ്പർവൈസറി വിഭാഗത്തിൽപെടാത്ത ഫാക്ടറിത്തൊഴിലാളികൾ, സമൂഹസംസ്കരണശാലകളിലെ തൊഴിലാളികൾ, ടാപ്പർഗ്രൂപ്പിൽ അംഗങ്ങളായുള്ള തൊഴിലാളികൾ എന്നിവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. അപേക്ഷിക്കുന്ന സമയത്ത് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

### സാനിറ്ററി സബ്സിഡി

വടക്കുകിഴക്കൻ മേഖലയിലെ തൊഴിലാളികൾക്ക് മാത്രമായുള്ള പദ്ധതിയാണിത്. ഇവിടെയുള്ള ചെറുകിട, വൻകിടത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ശുചീകരണസംവിധാനം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണിത്. ശുചിമുറി നിർമാണത്തിന് നിർമാണ ച്ചെലവിന്റെ 75 ശതമാനമോ 8000 രൂപയോ (ഏതാണോ കുറവ് അത്) ധനസഹായമായി നൽകും.



### വനിതാടാപ്പർമാരുടെ ശാക്തീകരണം

അസംഘടിതമേഖലയിലെ വനിതാടാപ്പർമാരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ഇവയിൽ പെടുന്നു. വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നി പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### വിവാഹധനസഹായം

ഈ പദ്ധതിപ്രകാരം വനിതാ ടാപ്പർമാർ, സമൂഹ സംസ്കരണശാലകളിലെ വനിതാ തൊഴിലാളികൾ എന്നിവർക്കോ തൊഴിലാളികളുടെ രണ്ട് പെൺമക്കൾക്കോ വിവാഹധനസഹായം ലഭിക്കും.

### പ്രസവാനുകൂല്യം

വനിതാ ടാപ്പർമാർക്കും സമൂഹസംസ്കരണശാലകളിലെ വനിതാതൊഴിലാളികൾക്കും ഈ പദ്ധതിപ്രകാരം ആദ്യ രണ്ട് പ്രസവങ്ങൾക്ക് 7000 രൂപ വീതം ധനസഹായം ലഭിക്കും.

### ഗ്രൂപ്പ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് സ്കീം

ചെറുകിട റബ്ബർതോട്ടങ്ങളിലെ ടാപ്പർമാർക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷ ഒരുക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതി അനുസരിച്ച് 60 വയസ് വരെ പോളിസി ഉടമയ്ക്ക് സ്വാഭാവിക മരണമോ അപകടമരണമോ സംഭവിച്ചാൽ അവകാശിക്ക് 80,000 രൂപ ലഭിക്കും. പദ്ധതിയിൽ അംഗമാകുന്ന ഓരോ ടാപ്പറും പ്രതിവർഷം കുറഞ്ഞത് 300 രൂപ നിക്ഷേപിക്കണം. ബോർഡിന്റെ വിഹിതമായി ഓരോ ടാപ്പർക്കും വേണ്ടി 600 രൂപ വീതം പ്രതിവർഷം നിക്ഷേപിക്കും. എല്ലാവർഷവും പദ്ധതി പുതുക്കേണ്ടത് ആവശ്യമാണ്.

### ടെർമിനൽ ബെനിഫിറ്റ് സ്കീം

ഇതനുസരിച്ച് പോളിസി ഉടമയ്ക്ക് 60 വയസ് പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ തുകയും പിൻവലിക്കുകയോ 75 വയസ്സു വരെ പദ്ധതിയിൽ തുടരുകയോ ചെയ്യാം.

### പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം

ഇതനുസരിച്ച് അപകടമരണമോ ഒന്നിലധികം അവയവങ്ങളുടെ പൂർണ്ണ വൈകല്യമോ സംഭവിച്ചാൽ 1,00,000 രൂപയും ഒരു അവയവത്തിന് മാത്രം വൈകല്യം സംഭവിച്ചാൽ 50,000 രൂപയും ലഭിക്കും. •

# ഇന്ത്യാ റബ്ബർ മീറ്റ് 2024: രജിസ്ട്രേഷൻ ആരംഭിച്ചു

INDIA RUBBER MEET 2024

GUWAHATI, ASSAM, INDIA. 23&24 FEBRUARY 2024

NATURAL RUBBER - CHANGING LANDSCAPE, EMERGING TRENDS AND INSIGHTS FOR TOMORROW

ഇന്ത്യാ റബ്ബർ മീറ്റ് 2024 (ഐ.ആർ.എം. 2024)- ൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഫെബ്രുവരി 23, 24 തീയതികളിൽ അസമിൽ ഗുവഹതിയിലെ ഹോട്ടൽ കിരൺശ്രീ ഗ്രാന്റിൽ വച്ചാണ് മീറ്റ് നടക്കുക. റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സമ്മേളനങ്ങളിൽ ഏഴാമത്തേതാണ് ഇത്. കർഷകർ, വ്യാപാരികൾ, ഉത്പന്ന നിർമാതാക്കൾ, നയരൂപവക്താക്കൾ, കാർഷികോദ്യോഗസ്ഥർ, സാമ്പത്തികവിദഗ്ദ്ധർ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ റബ്ബർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരുടെയും പങ്കാളിത്തത്തോടെയാണ് സമ്മേളനം നടത്തുന്നത്. റബ്ബർമേഖലയിലെ പ്രശ്നങ്ങൾ കൂട്ടായി ചർച്ചചെയ്യുന്നതിനും യോജിച്ച നടപടികൾ കണ്ടെത്തുന്നതിനും സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് അവസരമുണ്ടാകും. വിവിധവിഭാഗങ്ങൾ തമ്മിലുള്ള ആശയവിനിമയവും ബന്ധവും കൂടുതൽ മെച്ചപ്പെടുത്താനും കൂടുതൽ ബിസിനസ്സ് അവസരങ്ങൾ ഉണ്ടാക്കാനും റബ്ബർസമ്മേളനം സഹായിക്കും. റബ്ബർബോർഡിനെയും റബ്ബർമേഖലയിലെ പ്രമുഖ സംഘടനകളെയും അംഗങ്ങളാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർ മീറ്റ് ഫോറം (ഐ.ആർ.എം.എഫ്.) എന്ന സൊസൈറ്റി ആണ് മീറ്റ് സംഘടിപ്പിക്കുന്നത്. മീറ്റിൽ പങ്കെടുക്കുന്നതിന് http://indiarubbermeet.in/online-registration എന്ന ഓൺലൈൻ ലിങ്കിലൂടെ നേരിട്ട് രജിസ്റ്റർ ചെയ്യാം.

'നാച്ചുറൽ റബ്ബർ-ചെയ്ഞ്ചിങ് ലാന്റ്സ്കേപ്, എമേർജിങ് ട്രെന്റ്സ് ആന്റ് ഇൻസൈറ്റ്സ് ഫോർ ടുമോറൊ' എന്നതായിരിക്കും ഐ.ആർ.എം. 2024- ന്റെ വിഷയം. റബ്ബർമേഖലയുടെ ഉജ്ജീവനത്തിന് സഹായകമായ നൂതനമാർഗങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടും. റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിവിധവിഷയങ്ങളെക്കുറിച്ച് രാജ്യാന്തരതലത്തിൽ അറിയപ്പെടുന്ന വിദഗ്ധരായിരിക്കും സംസാരിക്കുക. വിദഗ്ധർ നയിക്കുന്ന പാനൽചർച്ചകളും ഉണ്ടായിരിക്കും.

റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.വസന്തഗേശൻ ഐ.ആർ.എസ്. ചെയർമാനായി ദേശീയതലത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഓർഗനൈസിങ് കമ്മിറ്റിയാണ് ഐ.ആർ.എം. 2024-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ചെറുകിട, വൻകിട കർഷക പ്രതിനിധികൾ; റബ്ബർ സംസ്കരണമേഖലയുടെയും വ്യാപാരമേഖലയുടെയും പ്രതിനിധികൾ; ടയർ, ടയറിതരമേഖലകളുടെ പ്രതിനിധികൾ; ആട്ടോ കംപോണന്റ് നിർമാതാക്കൾ; കയറ്റുമതിരംഗത്തുള്ളവർ; ഗവേഷണ, നൈപുണ്യ വികസന സ്ഥാപനങ്ങളിൽ നിന്നുള്ളവർ; റബ്ബറുമായി ബന്ധപ്പെട്ട മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം കമ്മിറ്റിയിൽ അംഗങ്ങളാണ്.

ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 500 പ്രതിനിധികൾ ഐ.ആർ.എം. 2024-ൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.





എസ്. നിർമൽകുമാർ
ഡെവലപ്മെന്റ് ഓഫീസർ



ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

## 'ജൻജാതീയ ഗൗരവ് ദിവസ്':

# റബ്ബർബോർഡ് ശിൽപശാല നടത്തി

ഭാരതത്തിലെ ഗോത്രവർഗക്കാരുടെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് സാമൂഹിക-സാംസ്കാരിക തലങ്ങളിൽ വിപ്ലവജ്വാല ജ്വലിപ്പിച്ച ബിർസമുണ്ട എന്ന സാമൂഹിക പരിഷ്കർത്താവിന്റെ ജന്മദിനമായ നവംബർ 15 'ജൻജാതിയ ഗൗരവ് ദിവസ്' ആയി വർഷംതോറും ആചരിക്കാൻ 2021-ൽ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ബ്രിട്ടീഷ് കൊളോണിയൽ സമ്പ്രദായത്തിന്റെ ചൂഷണവ്യവസ്ഥയ്ക്കെതിരെ ധീരമായി പോരാടുകയും ബ്രിട്ടീഷ് അടിച്ചമർത്തലിനെതിരായ പ്രസ്ഥാനത്തിന് നേതൃത്വം നൽകിക്കൊണ്ട് 'ഉൽഗുലാൻ' (വിപ്ലവം) ആഹ്വാനം നടത്തുകയും ചെയ്ത വീരദേശാഭിമാനിയായിരുന്നു ബിർസമുണ്ട. ധീരത, സ്വദേശാഭിമാനം, ആതിഥ്യമര്യാദ തുടങ്ങിയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതോടൊപ്പം ഭാരതത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിന് ഗോത്രവർഗക്കാർ നടത്തുന്ന ശ്രമങ്ങളോടുള്ള ആദരസൂചകമായാണ് 'ജൻജാതിയ ഗൗരവ് ദിവസ്' ആചരിക്കുന്നത്. പ്രസ്തുത ദിനാചരണത്തോടനുബന്ധിച്ച് റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസും കാനറാ ബാങ്കും ചേർന്ന് കൂട്ടപ്പു റബ്ബറുത്പാദകസംഘം, കൃഷി



ശിൽപശാലയുടെ ഉദ്ഘാടനവേളയിൽ ആദരിക്കപ്പെട്ടവർ



പരിശീലനം പൂർത്തിയാക്കിയവർ സർട്ടിഫിക്കറ്റുകളുമായി റബ്ബർബോർഡ് ഉദ്യോഗസ്ഥരോടും സംഘം ഭാരവാഹികളോടുമൊപ്പം

വകുപ്പ്, വനംവകുപ്പ്, അനന്തപുരി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവയുടെ പങ്കാളിത്തത്തോടെ അമ്പൂരിയിൽവെച്ച് പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്കായി ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചു. അമ്പൂരിയിൽ സംഘടിപ്പിക്കപ്പെട്ട ശിൽപശാലയുടെ പ്രധാനലക്ഷ്യം പട്ടികവർഗ വിഭാഗത്തിൽപെട്ടവർക്ക് പ്രയോജനപ്പെടുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവർക്കിടയിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു.

പ്രകൃതിരമണീയമായ അമ്പൂരിയിലെ തനത് ആദിവാസി വിഭാഗമാണ് കാണിക്കാർ. പരമ്പരാഗതമായി വനത്തിൽ നിന്നുള്ള ഉത്പന്നശേഖരണവും ചെറുകൃഷികളുമായി കഴിഞ്ഞിരുന്ന ഇവരുടെ ദാരിദ്ര്യപൂർണമായ ജീവിതത്തിലേക്ക് സമൃദ്ധിയുടെ വെളിച്ചം വീശിയത് 1999-2000 കാലഘട്ടത്തിൽ റബ്ബർബോർഡ് നടപ്പാക്കിയ 'ആൾ കേരള ട്രൈബൽ ഡെവലപ്മെന്റ് റബ്ബർ പ്ലാന്റേഷൻ പ്രോജക്റ്റ്' (AKTDRP) പദ്ധതിപ്രകാരം കൃഷി ചെയ്യപ്പെട്ട റബ്ബർതോട്ടങ്ങളിൽ നിന്നുള്ള വരുമാനമാണ്. ഈ പദ്ധതിപ്രകാരം റബ്ബർകൃഷി വ്യാപകമായതോടെ കാടിന്റെ മക്കൾക്ക് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതി കൈവരിക്കാൻ സാധിച്ചു.

കൂട്ടപ്പു റബ്ബറുത്പാദകസംഘം പ്രസിഡന്റ് ജോബ് മാത്യു പോളയ്ക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശിൽപശാലയുടെ ഉദ്ഘാടനച്ചടങ്ങിൽ ഊരുമൂപ്പൻ രാജേന്ദ്രൻ കാണി, വാർഡ് മെമ്പർ അഖില ഷിബു, മാതൃകാ റബ്ബർകർഷകൻ വിദ്യാധരൻ കാണി, മികച്ച ലാറ്റക്സ് ഹാർവെസ്റ്റിങ് ടെക്നീഷ്യൻ സുമദരാജ്, മികച്ച വനിതാ ലാറ്റക്സ് ഹാർവെസ്റ്റിങ് ടെക്നീഷ്യൻ സന്ധ്യാമോൾ തുടങ്ങിയവരെയും റബ്ബർകൃഷിയിലൂടെ അമ്പൂരി സെറ്റിൽമെന്റിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ ആത്മാർത്ഥമായി പ്രവർത്തിച്ച് റബ്ബർബോർഡിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരായ ജയൻ, പ്രഭാകരൻ നായർ എന്നിവരെയും ആദരിച്ചു.

ആനുകൂല്യങ്ങളെയും അവകാശങ്ങളെയും കുറിച്ച് ഇത്തരം ശിൽപശാലയിലൂടെ നൽകുന്ന കൃത്യമായ ബോധവൽക്കരണം ചൂഷണങ്ങളെ പ്രതിരോധിക്കുന്നതിന് ആദിവാസികളെ പ്രാപ്തരാക്കുമെന്ന് ഗ്രാമപ്പഞ്ചായത്തംഗം അഖില ഷിബു പറഞ്ഞു. ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സെറ്റിൽമെന്റിന്റെ പുരോഗതിക്കും റബ്ബർബോർഡ് നൽകിയ സേവനങ്ങളെ സെറ്റിൽമെന്റിലെ ഒരു ഗുണഭോക്താവും നിലവിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറുമായ ബിജു നന്ദിപൂർവ്വം സ്മരിച്ചു. കർഷകർക്ക് ബാങ്കിൽനിന്നും ലഭ്യമാകുന്ന വായ്പാപദ്ധതികളെക്കുറിച്ചും ബാങ്ക് മുഖേന നടപ്പാക്കുന്ന കേന്ദ്രഗവൺമെന്റിന്റെ പദ്ധതികളെക്കുറിച്ചും കാനറാബാങ്കിന്റെ തിരുവനന്തപുരം സർക്കിൾ ഓഫീസിലെ മാനേജർ നിതിൻ മോഹൻ, ഡിവിഷണൽ മാനേജർ കൃഷ്ണമൂർത്തി എന്നിവർ വിവരിച്ചു. 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ട സംഗതികളെക്കുറിച്ചും 'സ്മാം' (സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ) പദ്ധതി പ്രകാരം 50 മുതൽ 80 വരെ ശതമാനം സബ്സിഡിയോടുകൂടി കാർഷികോപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ചാർജ് വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽകുമാർ വിശദീകരിച്ചു. ഹോണ്ട, സ്റ്റിൽ എന്നീ കമ്പനികളുടെ പ്രതിനിധികൾ അവരുടെ കാർഷികയന്ത്രങ്ങൾ പ്രദർശിപ്പിച്ച് പ്രവർത്തനങ്ങൾ വിശദീകരിച്ചു.

### ഉന്നമന പദ്ധതികൾ

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ അസമത്വത്തിൽനിന്ന് മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ റബ്ബർബോർഡും കാര്യക്ഷമമായി പ്രാവർത്തികമാക്കി വരുന്നു. സാമൂഹ്യനീതി, ശാക്തീകരണ മന്ത്രാലയം പട്ടികജാതി ഉപപദ്ധതിയും (SCSP) ഗോത്രകാര്യ മന്ത്രാലയം ട്രൈബൽ സബ്പ്ലാനും (TSP) നടപ്പാക്കിവരുന്നു.

സാമൂഹിക, വിദ്യാഭ്യാസ, സാമ്പത്തിക മേഖലകളിൽ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനും അവരുടെ തൊഴിൽ, ജീവിതസാഹചര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് പട്ടികജാതി ഉപപദ്ധതി (SCSP). ആദിവാസി മേഖലകളുടെ സംയോജിത വികസനത്തിനായുള്ള പദ്ധതിയാണ് ട്രൈബൽ സബ്പ്ലാൻ (TSP). ആദിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കുടുംബാധിഷ്ഠിതമായി വരുമാനമുണ്ടാക്കുന്ന പദ്ധതികൾ, ചൂഷണം ഇല്ലാതാക്കാൻ വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയുമുള്ള മാനവവിഭവശേഷി വികസനം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവ ട്രൈബൽ സബ്പ്ലാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതികളിലുൾപ്പെടുത്തി റബ്ബർ തോട്ടമേഖലയിലെ തൊഴിൽസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തത്തക്കവിധം പട്ടികജാതി-പട്ടികവർഗ വിഭാഗക്കാരെ പര്യാപ്തരാക്കാൻ റബ്ബർബോർഡ് ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തിവരുന്നു.

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞർക്ക് അവാർഡ്



എസ്. വീരപുത്രൻ



പ്രദീപ് ബി.

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസേർച്ചിന്റെ കീഴിൽ ആന്ധ്രാപ്രദേശിലെ ഏലൂരിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓയിൽ പാം റിസേർച്ച് സംഘടിപ്പിച്ച ഇരുപത്തിയഞ്ചാമത് പ്ലാന്റേഷൻ ക്രോപ്സ് സിമ്പോസിയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ രണ്ട് ശാസ്ത്രജ്ഞർക്ക് അവാർഡുകൾ ലഭിച്ചു.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ സാമ്പത്തികവിഭാഗത്തിലെ ശാസ്ത്രജ്ഞൻ എസ്. വീരപുത്രൻ അവതരിപ്പിച്ച 'ട്രെൻഡ്സ് ഇൻ പ്രൈസ് ആന്റ് യീൽഡ് ആന്റ് ദെയർ ഇംപാക്ട് ഓൺ നാച്ചുറൽ റബ്ബർ ഫാർമേഴ്സ് ഇൻ ഇന്ത്യ' (Trends in Price and Yield and their Impact on Natural Rubber Farmers in India) എന്ന ഗവേഷണപ്രബന്ധത്തിന് ഇന്ത്യൻ സൊസൈറ്റി ഓഫ് പ്ലാന്റേഷൻ ക്രോപ്സ് (ISPC) നൽകുന്ന 'ദി ബെസ്റ്റ് ഒറിജിനൽ റിസേർച്ച് പേപ്പർ' (the best original research paper) അവാർഡ് ലഭിച്ചു.

'കാലാവസ്ഥാമാറ്റത്തെ പ്രതിരോധിക്കുന്ന സാങ്കേതികവിദ്യകൾ' എന്ന വിഭാഗത്തിൽ ജി.ഐ.എസ്. സാങ്കേതികവിദ്യയുടെ സഹായത്തോടെ കേരളത്തിലെ റബ്ബർ കൃഷിചെയ്യുന്ന സ്ഥലങ്ങളിലെ പ്രളയ സാധ്യതയെക്കുറിച്ചുള്ള പഠനം അവതരിപ്പിച്ച ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ റിമോട്ട് സെൻസിങ് വിഭാഗത്തിലെ ശാസ്ത്രജ്ഞനായ ബി. പ്രദീപ് ഏറ്റവും മികച്ച അവതരണത്തിനുള്ള (best oral presentation award) അവാർഡിന് അർഹനായി.

### സംരംഭകത്വപരിശീലനം

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെയും റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെയും സംയുക്താഭിമുഖ്യത്തിൽ തോട്ടയ്ക്കാട് റബ്ബറുത്പാദകസംഘത്തിന്റെ പരിധിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 25 പഠിതാക്കൾക്ക് പട്ടികജാതി ഉപപദ്ധതിയിലുൾപ്പെടുത്തി ഒരു സ്വയം തൊഴിൽ സംരംഭമായ കൂൺകൃഷിയിൽ പരിശീലനം നൽകി. മൂന്നുദിവസം നീണ്ടുനിന്ന പരിശീലനപരിപാടിയിൽ ശാസ്ത്രീയ കൂൺകൃഷി, റബ്ബറിന്റെ അറക്കപ്പൊടി ഉപയോഗിച്ചുള്ള കൂൺകൃഷി, മൂല്യവർദ്ധിത ഉത്പന്ന നിർമാണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മിത്രാനികേതൻ കൃഷിവിജ്ഞാൻ കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ. ബിന്ദു ആർ. മാത്യൂസ് ആണ് പരിശീലനം നൽകിയത്. കൂൺകൃഷി ഒരു സ്വയംതൊഴിൽ സംരംഭമായി തുടങ്ങാൻ താൽപര്യമുള്ള പഠിതാക്കൾക്ക് വേണ്ടി വിവിധ ബാങ്ക് വായ്പാപദ്ധതികൾ, ഡിജിറ്റൽ ബാങ്കിങ്, സാമ്പത്തിക ആസൂത്രണം തുടങ്ങി ബാങ്കിങ് സംബന്ധമായ വിവരങ്ങൾ കാനറാബാങ്കിലെ ഫിനാഷ്യൽ ലിറ്ററസി കൗൺസിലർ അനൂപ് ജെ.പി. വിശദീകരിച്ചു. പരിശീലനപരിപാടി വിജയകരമായി പൂർത്തിയാക്കിയ 25 പഠിതാക്കൾക്ക് സർട്ടിഫിക്കറ്റും ട്രെയിനിങ് കിറ്റും വിതരണം ചെയ്തു.

### തൊഴിൽ പരിശീലനം

ജീവിക്കാനൊരു തൊഴിൽ പഠിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർട്രെയിനിങ്ങും റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസും സംയുക്തമായി പട്ടികജാതി-ഉപപദ്ധതി (SCSP)യിൽ ഉൾപ്പെടുത്തി പോങ്ങനാട് റബ്ബറുത്പാദകസംഘത്തിന്റെ പരിധിയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 15 പഠിതാക്കൾക്ക് 8 ദിവസം നീണ്ടുനിന്ന ടാപ്പിങ്പരിശീലനം നൽകി. റബ്ബർബോർഡിൽ നിന്നും വിരമിച്ച ടാപ്പിങ് ഇൻസ്ട്രക്ടർ എം. സദാശിവനാണ് പരിശീലനം നൽകിയത്. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 15 പഠിതാക്കൾക്ക് ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽകുമാർ സർട്ടിഫിക്കറ്റും ട്രെയിനിങ് കിറ്റും വിതരണം ചെയ്തു.

സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രാപ്തരാക്കുക, സ്ഥിരവരുമാനം ലഭിക്കാവുന്ന തൊഴിലുകളിൽ പരിശീലനങ്ങൾ നൽകുക, ചൂഷണവിമുക്തരായി ജീവിക്കാൻ തുടർച്ചയായ ബോധവൽകരണം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ പ്രാധാന്യമർഹിക്കുന്നു. അതിലൂടെ അവരുടെ ശാക്തീകരണം ഉറപ്പാക്കാനും സാമൂഹിക-സാമ്പത്തിക പുരോഗമനം യാഥാർത്ഥ്യമാക്കാനും കഴിയും. •

# സംഘങ്ങളുടെ ഭാരവാഹികൾക്കായി
# പരിശീലനം



പരിശീലനവേളയിലെ ദൃശ്യങ്ങൾ

റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി നേതൃത്വ വികസനം വ്യക്തിത്വവികസനം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ (എൻ.ഐ.ആർ.റ്റി.) ആഭിമുഖ്യത്തിൽ പരിശീലനം നടത്തി. കാഞ്ഞങ്ങാട് കുശവൻകുന്നിലുള്ള കാഞ്ഞങ്ങാട് റബ്ബേഴ്സിന്റെ ഹാളിൽ വെച്ചായിരുന്നു പരിശീലനം. റബ്ബർബോർഡിന്റെ കാഞ്ഞങ്ങാട്, കാസറഗോഡ് എന്നീ റീജിയണൽ ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ ഭാരവാഹികൾക്കാണ് പരിശീലനം നൽകിയത്. റബ്ബർബോർഡിന്റെ കാഞ്ഞങ്ങാട് റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിൽ നടന്ന ഈ പരിശീലനപരിപാടി എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്) എ.ജെ. ജോസ് ഉദ്ഘാടനം ചെയ്തു. ഉത്പാദകസംഘം ഭാരവാഹികളുടെ വ്യക്തിത്വവികസനത്തിനും അവരുടെ നേതൃത്വപാടവം, ആശയവിനിമയശേഷി എന്നിവ വർധിപ്പിക്കുന്നതിനും വേണ്ടിയുള്ള ക്ലാസ്സുകളാണ് സംഘടിപ്പിച്ചത്. ജെ.സി.ഐ. ദേശീയ പരിശീലകനായ ശ്രീനി പള്ളിയത്ത് ആണ് ക്ലാസ്സുകളെടുത്തത്. പരപ്പ റബ്ബറുത്പാദകസംഘം (ആർ.പി.എസ്.) പ്രസിഡന്റ് ദിവാകരൻ നമ്പ്യാർ, കാഞ്ഞിരടുക്കം ആർ.പി.എസ്. പ്രസിഡന്റ് ജോൺസൺ പാറപ്പുറത്ത് എന്നിവർ തങ്ങളുടെ ഉത്പാദകസംഘങ്ങളുടെ പ്രവർത്തനമികവിനെക്കുറിച്ച് വിശദീകരിച്ചു. ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് കാസറഗോഡ് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (സി.പി.സി.ആർ.ഐ.) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. തമ്പാൻ വിശദീകരിച്ചു. ഉത്പാദകസംഘങ്ങളിലെ വരവുചെലവുകണക്കുകൾ എഴുതി സൂക്ഷിക്കുന്ന രീതികളെക്കുറിച്ചും ടാക്സ്, ജി.എസ്.റ്റി. രജിസ്ട്രേഷൻ എന്നീ വിഷയങ്ങളെക്കുറിച്ചും ചാർട്ടേഡ് അക്കൗണ്ടന്റ് സി.ഐ. ശ്രീലാൽ കരിമ്പിൽ ക്ലാസുകൾ എടുത്തു. റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികളെക്കുറിച്ച് അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ സി. രതീഷും കാഞ്ഞങ്ങാട് റബ്ബേഴ്സിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് മാനേജിങ് ഡയറക്ടർ തോമസ് സഖറിയയും സംസാരിച്ചു. ശുചിത്വപരിപാലനത്തെക്കുറിച്ചും റബ്ബർ തോട്ടങ്ങളിലെ കൊതുകുനിവാരണത്തിന്റെ ആവശ്യകതയെക്കുറിച്ചും കാഞ്ഞങ്ങാട് ഡി.എം.ഒ. ഓഫീസിലെ ഹെൽത്ത് ഇൻസ്പെക്ടർ മഹേഷ് കുമാർ പി.വി. ക്ലാസ്സെടുത്തു. ആർ.ബി.ഐ. റിസോഴ്സ് പേഴ്സൺ ലിൻസി കെ.പി. 'ഡിജിറ്റൽ മണി ട്രാൻസാക്ഷനെ'ക്കുറിച്ച് ഭരണസമിതിയംഗങ്ങൾക്ക് ബോധവൽക്കരണം നൽകി.

സമാപനയോഗത്തിൽ എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്) എ.ജെ. ജോസ് അധ്യക്ഷത വഹിച്ചു. റബ്ബർബോർഡിന്റെ കാഞ്ഞങ്ങാട് റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്) കെ. മോഹനൻ സ്വാഗതം പറഞ്ഞു. മുഖ്യ അതിഥിയായിരുന്ന കാസറഗോഡ് വിജിലൻസ് ഡി.വൈ.എസ്.പി. വിശ്വംഭരൻ നായർ വി.കെ., 'സെ നോ റ്റു കറപ്ഷൻ, കമിറ്റ് റ്റു ദി നേഷൻ' (Say no to corruption, commit to the nation) എന്ന വിഷയം ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ സുജ എസ്. നായർ കൃതജ്ഞത പറഞ്ഞു.

പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ യോഗത്തിൽ വെച്ച് വിതരണം ചെയ്തു. കാഞ്ഞങ്ങാട്, കാസറഗോഡ് റീജിയണൽ ഓഫീസുകളുടെ പരിധിയിൽവരുന്ന വിവിധ ഉത്പാദക സംഘങ്ങളിൽ നിന്നുള്ള അറുപത്തിയെട്ട് ഭരണസമിതിയംഗങ്ങൾ ഈ ദ്വിദിന പരിശീലനപരിപാടിയിൽ പങ്കെടുത്തു. കാസറഗോഡ് ജില്ലയിൽ ആദ്യമായാണ് ഇത്തരമൊരു പരിശീലനപരിപാടി സംഘടിപ്പിക്കുന്നത്.





എം.എൻ. ബിജു
അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ

# ഒട്ടുപാൽ സംഭരണം:
# ഗുണമേന്മ ഉറപ്പാക്കണം

**ഒട്ടുപാൽ ഉപയോഗിച്ച് നിർമിക്കുന്ന ഉത്പന്നങ്ങളുടെ ഗുണമേന്മ അവ നിർമിക്കാൻ ഉപയോഗിക്കുന്ന അസംസ്കൃതവസ്തുവായ ഒട്ടുപാലിന്റെ ഗുണമേന്മയെ ആശ്രയിച്ചിരിക്കും. ഒട്ടുപാലിൽനിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ദുഷ്കരമായ പ്രവൃത്തിയാണ്. ഗുണമേന്മയുള്ള ഒട്ടുപാൽ വിപണിയിൽ എത്തിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

റബ്ബർതോട്ടങ്ങളിൽ നിന്ന് ലഭിക്കുന്ന റബ്ബറുത്പാദനത്തിന്റെ ഏകദേശം 15 മുതൽ 20 വരെ ശതമാനം ഒട്ടുപാൽ (ഫീൽഡ് കൊയാഗുലം) ആയിട്ടാണ് കിട്ടുന്നത്. വള്ളിപ്പാൽ (tree lace), ചിരട്ടപ്പാൽ (cup lump), മൺപാൽ (earth lump), പിണ്ടിപ്പാൽ (lump), പഴകിയ റബ്ബർ (black shell) മുതലായവ അടങ്ങിയിട്ടുള്ളതാണ് ഒട്ടുപാൽ അഥവാ ഫീൽഡ് കൊയാഗുലം.

### വള്ളിപ്പാൽ (tree lace)

ടാപ്പിങ്ങിനുശേഷം റബ്ബർമരത്തിന്റെ വെട്ടുപട്ടയിൽ ഉറഞ്ഞുകിടക്കുന്ന റബ്ബർ ആണ് വള്ളിപ്പാൽ.

### ചിരട്ടപ്പാൽ (cup lump)

ടാപ്പിങ്ങിനുശേഷം ഒഴുകിവരുന്ന റബ്ബർപാൽ മരത്തിൽ ഉറപ്പിച്ചിരിക്കുന്ന ചിരട്ടയിൽ (collection cup) സംഭരിക്കപ്പെടുന്നു. ഈ റബ്ബർപാൽ ഒരു ബക്കറ്റിലേക്ക് ഒഴിച്ചെടുത്തശേഷം ചിരട്ടയിൽ ശേഷിക്കുന്ന പാൽ ഉറഞ്ഞ് ചിരട്ടപ്പാൽ ആകുന്നു. ചില കർഷകർ പാൽ എടുക്കാതെ ചിരട്ടയിൽ തന്നെ ഉറകൂടാൻ അനുവദിക്കുന്നു. വിദേശരാജ്യങ്ങളിൽ റബ്ബർപാൽ ചിരട്ടയിൽ തന്നെ ഉറകൂട്ടി എടുക്കുകയാണ് പതിവ്.

### മൺപാൽ (earth scrap)

ചിരട്ടകളിൽ നിന്ന് നിറഞ്ഞ് കവിഞ്ഞോ മറ്റ് വിധത്തിലോ നിലത്തുവീണ് ഉറഞ്ഞുകിടക്കുന്നതാണ് മൺ



*ഉണങ്ങുന്നതിനായി നിരത്തിയിട്ടിരിക്കുന്ന ഒട്ടുപാൽ*

പാൽ. മണ്ണിൽ ചേർന്ന് കിടക്കുന്നതിനാൽ കല്ലും മണ്ണും മറ്റു മാലിന്യങ്ങളും ഇതിനോടൊപ്പം ഉണ്ടാകും.

### പഴകിയ റബ്ബർ (black shell)

ദീർഘനാളായി കപ്പിൽനിന്നും റബ്ബർ നീക്കം ചെയ്യാത്തത് മൂലം കറുത്ത നിറത്തിൽ കാണപ്പെടുന്ന റബ്ബർ ആണ് പഴകിയ റബ്ബർ.

### പിണ്ടിപ്പാൽ

ശേഖരിക്കുന്ന പാത്രത്തിൽ വെച്ചുതന്നെ റബ്ബർപാൽ തരിച്ച് കട്ടിയായി പോകാറുണ്ട്. ഇത്തരത്തിൽ കട്ടിയായിപ്പോകുന്ന റബ്ബർപാലിനെ ആണ് പിണ്ടിപ്പാൽ എന്ന് പറയുന്നത്.

സൂക്ഷ്മജീവികളുടെയും മറ്റും പ്രവർത്തനം മൂലം ഒട്ടുപാൽ പെട്ടെന്ന് ചീത്തയാകാൻ സാധ്യത ഉള്ളതിനാൽ ഇവ നല്ല രീതിയിൽ സംരക്ഷിച്ചു സൂക്ഷിച്ചു വെക്കുകയോ വിൽക്കുകയോ ചെയ്യണം.

കോട്ടയം ജില്ലയിലെ പാലായിൽ ഉള്ള ഇന്ത്യാ ക്രംബ് റബ്ബർ ഫാക്ടറി, ഈരാറ്റുപേട്ടയിലെ കവണാർ ലാറ്റക്സ് ലിമിറ്റഡ് എന്നീ കമ്പനികൾ കർഷകരിൽ നിന്ന്



ഉണങ്ങാത്ത ഒട്ടുപാൽ (ഫ്രഷ് സ്ക്രാപ്പ്) നേരിട്ട് ശേഖരിക്കുന്നുണ്ട്.

ഒട്ടുപാലിൽ നിന്നാണ് ക്രംബ് റബ്ബർ, എസ്റ്റേറ്റ് ബ്രൗൺ ക്രീപ് (EBC) എന്നിവ നിർമിക്കുന്നത്. നല്ല ഗുണമേന്മയുള്ള ഒട്ടുപാലിൽ നിന്ന് മാത്രമേ ടയർ നിർമാണത്തിനും മറ്റും ഉപയോഗിക്കാവുന്നത്ര ഗുണമേന്മയുള്ള ക്രമ്പ് റബ്ബർ നിർമിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, മൺപാൽ, ബ്ലാക്ക് ഷെൽ എന്നീ ഗുണമേന്മ കുറഞ്ഞ സാധനങ്ങൾ ഒട്ടുപാലിന്റെ കൂടെ ചേർക്കാതെ പ്രത്യേകം മാറ്റി സൂക്ഷിക്കേണ്ടതാണ്. ഗുണമേന്മ കുറഞ്ഞ എസ്റ്റേറ്റ് ബ്രൗൺ ക്രീപ് നിർമിക്കുന്നതിന് മാത്രമേ ഇത്തരം സാധനങ്ങൾ ഉപയോഗിക്കാൻ പാടുള്ളൂ.

ഇന്ത്യൻ സ്റ്റാന്റേർഡ് നാച്ചുറൽ റബ്ബർ (ISNR) എന്ന പേരിലാണ് ഇന്ത്യയിലെ ബ്ലോക്കുറബ്ബർ നിർമിക്കുന്നത്. പ്രകൃതിദത്തറബ്ബർ ഉത്പാദിപ്പിക്കുന്ന മിക്ക രാജ്യങ്ങൾക്കും അവരുടേതായ സ്റ്റാന്റേർഡ് റബ്ബർ ഉണ്ട്. ഉദാഹരണത്തിന് മലേഷ്യയുടേത് 'സ്റ്റാന്റേർഡ് മലേഷ്യൻ റബ്ബർ' (SMR), വിയറ്റ്നാമിന്റേത് 'സ്റ്റാന്റേർഡ് വിയറ്റ്നാമീസ് റബ്ബർ' (SVR), തായ്‌ലാന്റിന്റേത് 'സ്റ്റാന്റേർഡ് തായി റബ്ബർ' (STR), ഇൻഡോനേഷ്യയുടേത് 'സ്റ്റാന്റേർഡ് ഇൻഡോനേഷ്യൻ റബ്ബർ' (SIR) എന്നിങ്ങനെയാണ്.

ഐ.എസ്.എൻ.ആർ. 3 സി.വി., ഐ.എസ്.എൻ.ആർ. 3 എൽ., ഐ.എസ്.എൻ.ആർ. 5, ഐ.എസ്.എൻ.ആർ. 10, ഐ.എസ്.എൻ.ആർ. 20, ഐ.എസ്.എൻ.ആർ. 50 എന്നിവയാണ് ഇന്ത്യൻ സ്റ്റാന്റേർഡ് റബ്ബർ ഗ്രേഡുകൾ ഇതിൽ ഐ.എസ്.എൻ.ആർ. 3 സി.വി., ഐ.എസ്.എൻ.ആർ. 3 എൽ., ഐ.എസ്.എൻ.ആർ. 5 എന്നിവ റബ്ബർ പാലിൽ നിന്നാണ് നിർമിക്കുന്നത്. ഐ.എസ്.എൻ.ആർ. 10, ഐ.എസ്.എൻ.ആർ. 20, ഐ.എസ്.എൻ.ആർ. 50 എന്നിവ നിർമിക്കുന്നത് ഒട്ടുപാലിൽ നിന്നാണ് .

നല്ല ഗുണമേന്മയുള്ള ഒട്ടുപാലിൽ നിന്ന് ഐ.എസ്.എൻ.ആർ. 5 നിർമിക്കാൻ സാധിക്കും. ടയർമേഖല കൂടുതലായി ഉപയോഗിക്കുന്നത് ഐ.എസ്.എൻ.ആർ.10, ഐ.എസ്.എൻ.ആർ. 20 എന്നീ ഗ്രേഡുകളിലുള്ള റബ്ബർ ആണ്. വിദേശരാജ്യങ്ങളിൽ ബ്ലോക്കുറബ്ബർ നിർമിക്കുന്നത് ചിരട്ടപ്പാലിൽ നിന്നാണ്. മാലിന്യങ്ങൾ ഒന്നുമി



തോട്ടത്തിൽ നിന്നും ശേഖരിച്ച ഒട്ടുപാൽ വെള്ളം വാർന്നുപോയി ഉണങ്ങുന്നതിനായി നിരത്തിയിട്ടിരിക്കുന്നു



ടാപ്പുചെയ്യുന്നതിനുമുമ്പ് വള്ളിപ്പാൽ പറിച്ചെടുക്കുന്നു

ല്ലാത്ത നല്ല ഗുണമേന്മയുള്ള അസംസ്കൃതവസ്തുവായ ചിരട്ടപ്പാൽ ഉപയോഗിച്ച് നിർമിക്കുന്ന ബ്ലോക്കുറബ്ബറും നല്ല ഗുണമേന്മയുള്ളതായിരിക്കും. ഇന്ത്യയിലേക്ക് കൂടുതലായി ഇറക്കുമതി ചെയ്യുന്നതും ബ്ലോക്കുറബ്ബർ ആണ്. ബ്ലോക്കുറബ്ബർ നിർമിക്കുമ്പോൾ അസംസ്കൃത വസ്തുവായ ഒട്ടുപാലിന്റെ ഗുണമേന്മയെ ആശ്രയിച്ചായിരിക്കും ഉത്പന്നമായ ക്രമ്പ് റബ്ബറിന്റെ ഗുണമേന്മ. ആയതിനാൽ ഒട്ടുപാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ഒട്ടുപാലിൽ നിന്ന് മാലിന്യങ്ങൾ നീക്കുന്നത് ഒരു പ്രയാസമേറിയ കാര്യമാണ്. ആയതിനാൽ ഒട്ടുപാൽ ശേഖരിക്കുമ്പോഴും വിപണനം ചെയ്യുമ്പോഴും ടാപ്പർമാരും കർഷകരും വ്യാപാരികളും താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- ടാപ്പുചെയ്യുന്നതിനു മുൻപായി ഒട്ടുപാൽ പറിച്ചെടുക്കുക. വള്ളിപ്പാലും ചിരട്ടപ്പാലും വൃത്തിയുള്ള കൂടയിൽ ശേഖരിക്കുക.
- വള്ളിപ്പാലും ചിരട്ടപ്പാലും പഴകി ഗുണമേന്മ കുറയാൻ ഇടയാക്കരുത്.
- പാൽ ശേഖരിക്കുന്നതിനുപയോഗിക്കുന്ന ചിരട്ടകൾ ആഴ്ചയിൽ ഒരിക്കൽ വൃത്തിയാക്കുക.
- ഒട്ടുപാൽ വായുസഞ്ചാരമുള്ള സംഭരണശാലയിൽ കൊണ്ടുവന്ന് വൃത്തിയുള്ള തറയിൽ വെയിൽ അടിക്കാത്ത രീതിയിൽ നിരത്തിയിട്ട് വെള്ളം വാർന്നുപോയി ഉണങ്ങാൻ അനുവദിക്കുക.
- ഉണങ്ങിയതും ഉണങ്ങാത്തതും ആയ ഒട്ടുപാലുകൾ തമ്മിൽ കൂട്ടിക്കലർത്തരുത്.
- വലിയ റബ്ബർകട്ടകൾ (lumps) ചെറിയ കഷ്ണങ്ങളാക്കിയ ശേഷം ഉണക്കിയെടുക്കുക.
- പ്ലാസ്റ്റിക്, മണ്ണ്, കല്ല്, മരക്കഷണം, ചെത്തുപൂളുകൾ, ഇലകൾ മറ്റു മാലിന്യങ്ങൾ മുതലായവ ഒട്ടുപാലിൽ കലരാതെ ശ്രദ്ധിക്കുക.
- പഴകിയ റബ്ബർ (black shell), മൺപാൽ (earth scrap) എന്നിവ ഒട്ടുപാലിന്റെ കൂടെ ചേർക്കരുത്. ഇവ ശേഖരിച്ച് പ്രത്യേക സ്ഥലത്ത് സൂക്ഷിക്കണം.
- അമോണിയ ചേർത്തിട്ടുള്ള കട്ടിയായ പാൽ ഒട്ടുപാലിനൊപ്പം ചേർക്കരുത്. ഭാരം കൂട്ടാനുള്ള കൃത്രിമ മാർഗങ്ങൾ അവലംബിക്കരുത്. ഒട്ടുപാലിൽ വൽക്കനൈസ് ചെയ്ത റബ്ബർ കലർത്തരുത്.
- ഒട്ടുപാൽ രണ്ടോ മൂന്നോ മാസത്തിനുള്ളിൽ വിപണനം ചെയ്യണം. ദീർഘനാൾ സൂക്ഷിച്ചുവച്ചാൽ ഒട്ടുപാലിന്റെ ഗുണമേന്മ കുറയും.
- ഒട്ടുപാൽ വെയിലത്തിട്ട് ഉണക്കരുത്. പുകപ്പുരയിൽ ഉണക്കുകയാണെങ്കിൽ കൂടുതൽ സമയം ഉയർന്ന ചൂടിൽ ഉണക്കാതിരിക്കാൻ ശ്രദ്ധിക്കണം.
- ഒട്ടുപാൽ നിറക്കുന്നതിന് പ്ലാസ്റ്റിക് കൊണ്ടുള്ള ചാക്കോ ചാക്ക് കെട്ടുന്നതിന് പ്ലാസ്റ്റിക് ചരടുകളോ ഉപയോഗിക്കരുത്. ചണച്ചാക്കുകളിലാണ് ഒട്ടുപാൽ നിറയ്ക്കേണ്ടത് ചാക്കുകൾ കെട്ടുന്നതിന് ചണനൂൽ ഉപയോഗിക്കുക.
- ഒട്ടുപാൽ ചാക്കിൽ കെട്ടി കൂടുതൽ നാൾ സൂക്ഷിച്ചുവെച്ചാൽ ഗുണമേന്മ കുറയുമെന്നതിനാൽ എത്രയും പെട്ടെന്ന് വിപണനം നടത്തണം.

ഒട്ടുപാലിന്റെ ഗുണമേന്മയ്ക്ക് അനുസരിച്ചാണ് അതിൽ നിന്ന് നിർമിക്കുന്ന റബ്ബറിന്റെ ഗുണമേന്മയും. സംസ്കരണശാലയിൽ എത്തുന്ന ഒട്ടുപാലിൽനിന്ന് പ്ലാസ്റ്റിക്, വൽക്കനൈസ് ചെയ്ത റബ്ബർ എന്നിവ ഒട്ടിപ്പിടിച്ചിരിക്കുന്നത് നീക്കം ചെയ്യുക എന്നത് ദുഷ്കരമായ പ്രവർത്തിയാണ്. റബ്ബറിലുള്ള മാലിന്യങ്ങൾ ഉത്പന്ന നിർമാണത്തെ സാരമായി ബാധിക്കുന്നതിനാൽ ഉത്പന്ന നിർമാതാക്കൾ ഗുണമേന്മയുള്ള വിദേശ റബ്ബറിനെ ആശ്രയിക്കാൻ നിർബന്ധിതരാകും. ആയതിനാൽ മാലിന്യമുക്തവും ഗുണമേന്മയുള്ളതുമായ ഒട്ടുപാൽ വിപണിയിൽ എത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.●

# GOLDEN TOUCH®



**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** – **ALUMINIUM DISH**

**GOLDEN TOUCH®** – **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC

Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



# ഫെബ്രുവരിമാസത്തെ കൃഷിപ്പണികൾ

വേനൽകാലത്ത് നഴ്സറിയിലെ തൈകൾ ഇടയ്ക്കിടെ നനച്ചുകൊടുക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. നഴ്സറികൾ വിസ്തൃതി കൂടിയതാണെങ്കിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് അത് പല ഭാഗങ്ങളായി തിരിച്ച് നനയ്ക്കുന്നതാണ് സൗകര്യപ്രദം. കപ്പു തൈകളുടെയും കൂടത്തൈകളുടെയും നഴ്സറികളിൽ ജലസേചനം അനിവാര്യമാണ്. വൈകുന്നേരമാണ് നനയ്ക്കാൻ പറ്റിയ സമയം.

**പുതയിടൽ**

കൃഷിയിടങ്ങളിലെ ചെറുതൈകൾ വേനൽകാലത്ത് ചൂടേറ്റ് ഉണങ്ങിപ്പോകാതിരിക്കാൻ കൂടകൾ വച്ചുമറച്ചും ഉണങ്ങിയ ചവറുപയോഗിച്ച് പുതയിട്ടും അവയ്ക്ക് സംരക്ഷണം നൽകാം. ഈറയോ മെടഞ്ഞ ഓലയോ ഉപയോഗിച്ചുണ്ടാക്കിയ, ഏകദേശം 45-60 സെ.മീറ്റർ ഉയരവും 30-45 സെ.മീറ്റർ വ്യാസവുമുള്ള കൂടകളാണ് ഇതിന് ഉപയോഗിക്കുന്നത്. പുതയിടുന്നതിന് ഉണങ്ങിയ ചവർ, പുല്ല്, തോട്ടപ്പയർ എന്നിവ ഉപയോഗിക്കാം. കൂടത്തൈകൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ സാധാരണഗതിയിൽ ഉണങ്ങിയ ചവർ ഉപയോഗിച്ച് പുതയിട്ടാൽ മാത്രം മതിയാകും. പുതയിടൽകൊണ്ട് മണ്ണിലെ ഈർപ്പം നിലനിർത്താനും ജൈവാംശം വർദ്ധിപ്പിക്കാനും കളകളുടെ വളർച്ച തടയാനും കഴിയും.

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം.





തുറസ്സായ സ്ഥലത്തുവെച്ചിരിക്കുന്ന തൈകൾ ശക്തിയായ വെയിലേറ്റ് വാടിയുണങ്ങാതിരിക്കാൻ അവയ്ക്ക് തണൽ കൊടുക്കണം. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കത്തക്കവിധം മെടയാത്ത ഓലകൾ ഉപയോഗിച്ച് വശങ്ങളിലും മുകളിലും ഭാഗികമായി മറയ്ക്കുന്നതാണ് ശരിയായ രീതി.

### വെള്ളപൂശൽ

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം. വെള്ളപൂശുന്നതിനായി തയ്യാറാക്കുന്ന ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ചൈനാക്ലേ, മണ്ണ് എന്നിവ തൈകളിൽ പൂശുന്നത് വേണ്ടത്ര പ്രയോജനം ചെയ്യുകയില്ല.

### ഫയർബെൽറ്റ്

വേനൽകാലാരംഭത്തോടെ റബ്ബർതോട്ടങ്ങളിൽ തീപിടിത്തത്തിനെതിരെ മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനുചുറ്റും ഫയർബെൽറ്റ് നിർമിക്കുകയാണ് ഇതിനുള്ള ഒരു ഉപാധി. തോട്ടത്തിനുചുറ്റും മൂന്ന് മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കം ചെയ്ത് വൃത്തിയാക്കിയിടണം. തോട്ടത്തിനു പുറത്ത് തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക് എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അഗ്നിബാധയ്ക്കെതിരായി എല്ലാ തരത്തിലുമുള്ള മുൻകരുതലുകളും ഏർപ്പെടുത്തണം. തീപിടിത്തം, കൊടുങ്കാറ്റ് എന്നീ അത്യാഹിതങ്ങൾക്കെതിരെ റബ്ബർതോട്ടങ്ങൾ ഇൻഷ്വർ ചെയ്യുന്നതും നല്ലതാണ്.

### ഇതര സംരക്ഷണനടപടികൾ

റബ്ബർതോട്ടങ്ങളിൽ കന്നുകാലികളെ മേയാൻ അനുവദിക്കരുത്. ചുറ്റും വേലികെട്ടിയോ കയ്യാലകൾ നിർമിച്ചോ കന്നുകാലികളിൽനിന്ന് തോട്ടത്തെ സംരക്ഷിക്കാം. റബ്ബർതൈകളും ആവരണവിളകളും തിന്നു നശിപ്പിക്കുന്നതിനുപുറമേ അവ ഭൂമിയുടെ ഉപരിതലത്തോടുചേർന്നുള്ള വേരുപടലം ചവിട്ടിനശിപ്പിക്കാനും ഇടയുണ്ട്. റബ്ബർകൃഷിയിൽ, തൈകൾ നട്ട് ആദ്യത്തെ രണ്ടുമൂന്നു വർഷത്തെ പരിചരണം കൂടുതൽ നിർണായകമാണ്. റബ്ബർതൈകളുടെ ആദ്യകാലവളർച്ച മുരടിക്കുകയോ സുഗമമല്ലാതാവുകയോ ചെയ്യുന്നപക്ഷം അതിന്റെ ഭവിഷ്യത്ത് പിന്നീടുള്ള അവയുടെ നിലനിൽപിനെ ബാധിക്കും. തുടർന്നുനൽകുന്ന പരിചരണം എത്ര മെച്ചപ്പെട്ടതായാലും ആദ്യകാലവളർച്ചയിൽ സംഭവിക്കുന്ന ആഘാതത്തിൽ നിന്ന് തൈകളെ പിന്നീട് മോചിപ്പിക്കുക എളുപ്പമല്ല.

### ഇലരോഗങ്ങളുടെ നിവാരണം

പുള്ളിക്കുത്ത്, പക്ഷിക്കണ്ണ് എന്നീ രോഗങ്ങൾ വേനൽകാലത്ത് നഴ്സറിയിലെ തൈകളെയും പ്രായം കുറഞ്ഞ ചെടികളെയും ബാധിക്കുന്നു. ഇലകളെയാണ് ഈ രോഗങ്ങൾ ബാധിക്കുക. കുമിൾമൂലമുണ്ടാകുന്ന രോഗമായതിനാൽ രോഗനിവാരണത്തിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.

### പൊടിക്കുമിൾ രോഗബാധ

തോട്ടങ്ങളിൽ തളിർപ്പുകാലം നീണ്ടുനിൽക്കുകയാണെങ്കിൽ മരങ്ങളുടെ തളിരിലകളിലും കൂടയിൽ വളരുന്ന ചെറുതൈകളിലും പൊടിക്കുമിൾരോഗബാധ ആവർത്തിച്ചുണ്ടാകാം. തോട്ടങ്ങളിൽ തളിർപ്പുകാലം മുഴുവൻ ഹെക്ടറൊന്നിന് 11 മുതൽ 14 വരെ കിലോഗ്രാം



എന്ന തോതിൽ പൊടിരൂപത്തിലുള്ള (325 മെഷ് വലിപ്പത്തിലുള്ളത്) ഗന്ധകപ്പൊടി അടിക്കണം. 7 മുതൽ 14 വരെ ദിവസം ഇടവിട്ട് 3 മുതൽ 6 വരെ തവണ ഇത് ചെയ്യേണ്ടിവരും. 70 ശതമാനം ഗന്ധകവും 30 ശതമാനം ടാൽകും ചേർന്ന മിശ്രിതമാണ് ഇതിനായി ഉപയോഗിക്കേണ്ടത്. ഡസ്റ്റിങ് മെഷീൻ ഉപയോഗിച്ചുവേണം വലിയ മരങ്ങൾക്ക് ഗന്ധകപ്പൊടിയടിക്കാൻ.

ചെറുതൈകൾക്കും നഴ്സറിയിലെ തൈകൾക്കും ഗന്ധകപ്പൊടിക്കുപകരം വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം ഉപയോഗിക്കുന്നതാകും സൗകര്യപ്രദം. 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 7 മുതൽ 10 വരെ ദിവസങ്ങളിൽ ഒരു തവണ വീതം സ്പ്രേയറുകൾ ഉപയോഗിച്ച് തളിക്കണം. ഇതിനുപകരം കാർബെൻഡാസിമും വെറ്റബിൾ സൾഫറും ഒന്നിടവിട്ട തവണകളിൽ 7 മുതൽ 14 വരെ ദിവസം ഇടവിട്ട് തളിക്കുന്നതും ഫലപ്രദമാണ്.

### സൂര്യാഘാതം

ചെറുതൈകൾ വെയിലുകൊണ്ട് ഉണങ്ങാറുണ്ട്. തൈകളുടെ ചുവടുഭാഗത്തിന് ചുറ്റുമുള്ള മണ്ണ് ചൂടാകുന്നതാണിതിനുകാരണം. ഉണക്കു ബാധിച്ചു വാടിയ തൈകൾ ഉണങ്ങിപ്പോകുകയോ കാറ്റത്തു മറിഞ്ഞുപോകുകയോ ചെയ്യും. ഉണക്കുബാധ ശക്തമല്ലെങ്കിൽ ചെടികളുടെ കേടുവന്ന ഭാഗം ചുരണ്ടി മാറ്റി 0.75 ശതമാനം വീര്യമുള്ള മാങ്കോസെബ് ലായനി ഉപയോഗിച്ചു കഴുകിയശേഷം പട്ട വളർന്നു മൂടാൻ സഹായിക്കുന്ന മരുന്നുകൾ പുരട്ടണം. മരുന്നു പുരട്ടിയതിനു മുകളിലോട്ടുള്ള (തവിട്ടുനിറമുള്ള) ഭാഗത്ത് വെള്ള പൂശുകയും ചെയ്യണം. •




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറിന്റെ വേനൽകാല പരിചരണം' എന്ന വിഷയത്തിൽ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഷെറിൻ ജോർജ്, 'ഇടവേള കൂടിയ ടാപ്പിങ്' എന്ന വിഷയത്തിൽ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ എം.ജെ. റെജു എന്നിവർ കർഷകരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറിന്റെ വേനൽകാലപരിചരണം

1. ***നഴ്സറികളിലെ റബ്ബർതൈകൾക്ക് വേനൽകാലത്ത് എന്തൊക്കെ പരിചരണങ്ങൾ നൽകണം?***

   നഴ്സറികളിലെ തൈകൾ നന്നായി പരിപാലിച്ചാൽ കരുത്തുറ്റ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കാൻ കഴിയും. നഴ്സറികൾ തുറസ്സായ സ്ഥലങ്ങളിൽ ആയതിനാൽ സൂര്യപ്രകാശം നേരിട്ട് പതിച്ച് ഈർപം നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. അതിനാൽ പന്തൽ കെട്ടി നഴ്സറികൾക്ക് ഭാഗികമായി തണൽ നൽകുകയും തൈകളുടെ ചുവട്ടിൽ പുതയിടുകയും വേണം. തവാരണകളിൽ നടുന്നത് മുതൽ എല്ലാ തൈകളും ക്രമമായി നനച്ചുകൊടുക്കണം. വേണ്ടത്ര വെള്ളം ലഭിക്കാതെ വളർച്ച മുരടിച്ച തൈകൾ പിന്നീട് തോട്ടത്തിലേക്ക് മാറ്റി നടുമ്പോഴും നന്നായി വളരുക പ്രയാസമാണ്.

2. ***കൈത ഇടവിളയായുള്ള തോട്ടങ്ങളിൽ വേനൽകാലത്ത് പുതയിടൽ ആവശ്യമാണോ?***

   കൈത ഇടവിളയായി കൃഷിചെയ്യുന്ന തോട്ടങ്ങളിലെ തൈമരങ്ങളുടെ ചുവട്ടിലും പുതയിടണം. മണ്ണിലെ ജലാംശം നിലനിർത്തുന്നതിന് തൈകളുടെ ചുവട്ടിൽ പുത ആവശ്യമാണ്. പുതയിടുന്നത് മണ്ണിന്റെ ചൂടു കുറയ്ക്കാനും കളകളെ അമർച്ച ചെയ്യാനും സഹായിക്കും.

3. ***വേനൽ കൂടുതലായി ബാധിക്കുന്ന സ്ഥലങ്ങളിൽ തൈകൾ നടുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?***

   ഒട്ടുകണ്ണ് വടക്കോട്ടോ കിഴക്കോട്ടോ തിരിഞ്ഞിരിക്കുന്ന വിധത്തിൽ തൈകൾ നട്ടാൽ തീഷ്ണമായ തെക്കുപടിഞ്ഞാറൻ സൂര്യരശ്മികൾ പതിച്ച് ഒട്ടുകണ്ണുകൾക്ക് ക്ഷതമേൽക്കാതിരിക്കാൻ സഹായിക്കും.

4. ***തൈകൾക്ക് പുതയിടുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?***

   കളകളുടെ വളർച്ച തടയുന്നതിനും മണ്ണിലെ ഈർപവും ജൈവാംശവും വർദ്ധിപ്പിക്കുന്നതിനും പുതയിടൽ സഹായിക്കുന്നു. തൈമരങ്ങളുടെ ചുവട്ടിൽ ചപ്പുചവറോ ഉണങ്ങിയ പുല്ലോ ചകിരിച്ചോറോ മറ്റ് ജൈ വാവശിഷ്ടങ്ങളോ ഉപയോഗിച്ച് പുതയിടാം. നന്നായി ഉണങ്ങാത്ത വസ്തുക്കളുപയോഗിച്ച് പുതയിടരുത്. വേനൽകാലം തുടങ്ങുന്നതിനു തൊട്ടുമുമ്പ് പുത യിടൽ പൂർത്തിയാക്കണം.

5. ***അഗ്നിബാധയിൽനിന്ന് തോട്ടങ്ങളെ സംരക്ഷിക്കാൻ എന്ത് മുൻകരുതലാണ് സ്വീകരിക്കേണ്ടത് ?***

   വേനൽകാലത്ത് ആകസ്മികമായുണ്ടാകുന്ന തീപിടുത്തത്തിൽ നിന്നും തോട്ടങ്ങളെ സംരക്ഷിക്കാൻ 'ഫയർബെൽറ്റ്' പോലുള്ള കരുതൽ നടപടികൾ സ്വീകരിക്കണം. തോട്ടത്തിന് ചുറ്റും മൂന്ന് മുതൽ അഞ്ചു വരെ മീറ്റർ വീതിയിൽ ചപ്പുചവറുകളും കുറ്റിച്ചെടികളും ഒക്കെ മാറ്റി വൃത്തിയാക്കി 'ഫയർ ബെൽറ്റ്' അഥവാ 'ഫയർ ബ്രേക്ക്' നിർമിക്കാവുന്നതാണ്. ഇവിടെ വീഴുന്ന ഉണങ്ങിയ ഇലകളും ചവറുകളുമൊക്കെ ഇടയ്ക്കിടയ്ക്ക് നീക്കിക്കൊടുത്ത് വേനൽകാലം കഴിയുന്നതുവരെ ഇവ വൃത്തിയാക്കിയിടുന്നത് പുറത്ത് തീ പിടുത്തമുണ്ടായാലും തീ തോട്ടത്തിലേക്ക് പടരാതിരിക്കാൻ സഹായിക്കും.

6. ***വേനൽകാലത്ത് റബ്ബർതൈകളുടെ ചുവട്ടിൽ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് പുതയിടുന്നത് ഗുണകരമാണോ?***

   മറ്റു ജൈവപുതകൾ ലഭിക്കാത്തപക്ഷം പുതയിടാൻ പ്ലാസ്റ്റിക് ഷീറ്റ് ഉപയോഗിക്കാം. ജൈവപുതകളെപ്പോലെതന്നെ പ്ലാസ്റ്റിക് ഷീറ്റും മണ്ണിൽനിന്ന് ജലം നീരാവിയായി നഷ്ടപ്പെടുന്നത് തടയാനും കളകളെ അമർച്ച ചെയ്യാനും സഹായിക്കും. എന്നാൽ, ജൈവപുതയാണ് കൂടുതൽ അഭികാമ്യം.



ഡോ. ഷെറിൻ ജോർജ് ചോദ്യങ്ങൾക്ക് മറുപടി പറയുന്നു



റെജു എം.ജെ. ചോദ്യങ്ങൾക്ക് മറുപടി പറയുന്നു

7. ***തൈകളുടെ തണ്ടിൽ വെള്ള പൂശുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

രണ്ടാംവർഷം മുതൽ ഇലപ്പടർപ്പ് കുട്ടിമുട്ടി തോട്ടത്തിൽ തണലാകുന്നതുവരെയുള്ള കാലയളവിൽ വെയിലിന്റെ ചൂടേൽക്കാതിരിക്കാൻ തൈകളുടെ ചുവടു മുതൽ കവര വരെ തവിട്ടുനിറമുള്ള ഭാഗത്ത് ചുണ്ണാമ്പോ കളിമണ്ണോ (ചൈനാക്ലേ) ഉപയോഗിച്ച് വെള്ളപൂശണം. വെള്ളപൂശാനുപയോഗിക്കുന്ന ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ടതില്ല. ചൈനാക്ലേ ആണ് ഉപയോഗിക്കുന്നതെങ്കിൽ തുടക്കത്തിൽ ഒന്നോ രണ്ടോ തൈമരങ്ങളിൽ പുരട്ടി നോക്കി ഗുണമേന്മ ഉറപ്പുവരുത്തിയശേഷം വേണം ബാക്കി തൈകളിൽ പുരട്ടാൻ. ഇതുപോലെ ബഡ്ഡുവുഡ് നഴ്സറികളിലും മുറിച്ചുവിട്ട മാതൃസസ്യങ്ങളുടെ കുറ്റികളിലും കിളിർപ്പുകളുടെ തവിട്ടുനിറം വന്ന ഭാഗങ്ങളിൽ വേനൽകാലത്ത് ചുണ്ണാമ്പുപയോഗിച്ച് വെള്ള പൂശിക്കൊടുക്കണം.

8. ***ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ അനുവർത്തിക്കേണ്ട വേനൽകാലപരിചരണങ്ങൾ ഏതൊക്കെയാണ്?***

ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ കളകളോ മറ്റ് ആവരണവിളകളോ ഉണ്ടെങ്കിൽ അവ വെട്ടിമാറ്റാതെ നിലനിർത്തിയാൽ മണ്ണിന് ഒരു പുതപ്പായി വർത്തിക്കുകയും മണ്ണിലെ ഈർപ്പം നിലനിർത്തുകയും ചെയ്യും. അതുപോലെ ആവരണവിളകളിൽനിന്നും മറ്റും കൂടുതൽ ജൈവാംശം മണ്ണിലേക്ക് ചേർക്കപ്പെടുന്നതുമൂലം മണ്ണിന്റെ ഘടന മെച്ചപ്പെടുകയും ജലസംഭരണശേഷി വർദ്ധിക്കുകയും ചെയ്യും. തോട്ടത്തിൽ നീർക്കുഴികൾ, ഇടക്കയ്യാലകൾ തുടങ്ങിയ മണ്ണു-ജലസംരക്ഷണമാർഗങ്ങൾ നടപ്പാക്കുന്നത് വരൾച്ചയുടെ കാഠിന്യത്തെ അതിജീവിക്കാൻ സഹായിക്കും. വേനൽകാലത്ത് അതിരാവിലെ ടാപ്പുചെയ്യുന്നതാണ് കൂടുതൽ ഉത്പാദനം ലഭിക്കാൻ അഭികാമ്യം.

## ഇടവേളകൂടിയ ടാപ്പിങ്

1. ***ഇടവേളകൂടിയ ടാപ്പിങ് എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നത് ?***

അടുത്തടുത്ത രണ്ട് ടാപ്പിങ് തമ്മിലുള്ള ഇടവേള രണ്ടുദിവസത്തിൽ കൂടുതലായാൽ അതിനെ ഇടവേള കൂടിയ ടാപ്പിങ് എന്നു പറയാം. അതായത് മൂന്നുദിവസത്തിലൊരിക്കലോ നാലു ദിവസത്തിലൊരിക്കലോ ആഴ്ചയിലൊരിക്കലോ ടാപ്പുചെയ്യുന്നതെല്ലാം ഇടവേള കൂടിയ ടാപ്പിങ്രീതികളാണ്.

2. ***ആഴ്ചയിലൊരിക്കൽ ടാപ്പിങ് എന്ന രീതി നടപ്പാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

ആഴ്ചയിലൊരിക്കൽ ടാപ്പിങ്ങിൽ ഒരു വർഷം ആകെ 52 ടാപ്പിങ്ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. അതിനാൽ ഒരു ടാപ്പിങ്ദിനം പോലും നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. മഴക്കാലത്തിനുമുമ്പായി മരങ്ങൾ റെയിൻഗാർഡ് ചെയ്യുകയും വേണം. കൂടാതെ, മഴക്കാലത്ത് പട്ടചീയൽ പോലുള്ള രോഗങ്ങൾ വരാതിരിക്കാൻ കുമിൾനാശിനി ഉപയോഗിച്ച് പട്ട കഴുകാനും ശ്രദ്ധിക്കണം. ഓരോ നാലു ടാപ്പിങ്ങിനുശേഷം അഞ്ചാമത്തെ ടാപ്പിങ്ങിന് മൂന്ന് ദിവസം മുമ്പ് രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ വെട്ടുചാലിന് മുകളിലുള്ള പട്ടയിൽ ഒന്നര സെന്റീമീറ്റർ വീതിയിൽ പാനൽ ആപ്ലിക്കേഷൻ ആയി പുരട്ടണം. ആഴ്ചയിലൊരിക്കൽ ടാപ്പുചെയ്യുമ്പോൾ ഓരോ ടാപ്പിങ്ങിലും രണ്ടര മില്ലീമീറ്റർ കനത്തിൽ പട്ട അരിഞ്ഞെടുത്താണ് ടാപ്പുചെയ്യേണ്ടത്. എത്തഫോൺ പുരട്ടിക്കഴിഞ്ഞ് തുടർന്നുവരുന്ന രണ്ടു ടാപ്പിങ്ങുകളിൽ പാലെടുത്തശേഷം കുറച്ചു സമയംകൂടി പാൽവീഴ്ച നീണ്ടുനിൽക്കാം. ആ പാൽ ഒരു പ്രാവശ്യം കൂടി ശേഖരിക്കുകയാണെങ്കിൽ ചണ്ടിപ്പാലിന്റെ അളവ് കുറയ്ക്കാൻ കഴിയും.

3. ***മൂന്നുദിവസത്തെ ഇടവേളയിൽ ടാപ്പിങ് നടത്തുന്ന തോട്ടങ്ങളിൽ ഉത്തേജകൗഷധം ഉപയോഗിക്കേണ്ടത് എങ്ങനെയാണ് ?***

ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങളിൽ മൂന്നുദിവസത്തെ ഇടവേളയിൽ (ആഴ്ചയിൽ രണ്ട് ടാപ്പിങ്) ടാപ്പുചെയ്യുമ്പോൾ വർഷത്തിൽ മൂന്നുപ്രാവശ്യം (മെയ്/ജൂൺ, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ) ഉത്തേജകൗഷധം പ്രയോഗിക്കാം. ടാപ്പിങ്ങിന്റെ പിറ്റേദിവസം അടുത്ത ടാപ്പിങ്ങിന് 48 മണിക്കൂർ മുൻപ് മരുന്ന് പുരട്ടണം. വെട്ടിയിറങ്ങിയ ഇളംപട്ടയിൽ വെട്ടുചാലിന് തൊട്ടു മുകളിലായി രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ പുരട്ടിക്കൊടുക്കണം.

**4. *ഏതെല്ലാം ഇനങ്ങൾക്കാണ് ഉത്തേജകൗഷധപ്രയോഗം ശുപാർശ ചെയ്തിരിക്കുന്നത് ?***

ആർആർഐഐ 105, ആർആർഐഐ 430 എന്നീ ഇനങ്ങൾ കൂടാതെ ആർആർഐഎം 600, ജി.ടി.-1, പി.ബി. 217 എന്നീ ഇനങ്ങളിലും ഉത്തേജകൗഷധ പ്രയോഗത്തോടെ ഇടവേളകൂടിയ ടാപ്പിങ്‌രീതികൾ നടപ്പാക്കാവുന്നതാണ്.

**5. *ഇടവേളകൂടിയ ടാപ്പിങ്ങിൽ ഉത്തേജകൗഷധപ്രയോഗത്തിന്റെ ആവശ്യകത എന്താണ് ?***

അത്യുത്പാദനശേഷിയുള്ള ഇനങ്ങളിൽ ആവശ്യത്തിന് ഇടവേള കൊടുത്തുവേണം ടാപ്പുചെയ്യാൻ. ഒരുതവണ ടാപ്പുചെയ്യുമ്പോൾ ലഭിച്ച അത്രയും അളവ് റബ്ബർപാൽ ഉത്പാദിപ്പിക്കാൻ മരത്തിന് ഏകദേശം 48 മണിക്കൂർ സമയം ആവശ്യമാണ്. ഇടവേള കൂടിയ ടാപ്പിങ്‌രീതി നടപ്പാക്കുമ്പോൾ മരത്തിന്റെ ആരോഗ്യത്തെ ബാധിക്കാതെ പാലൊഴുക്കിന്റെ സമയം കൂട്ടുന്നതിനാണ് നിയന്ത്രിത അളവിൽ ഉത്തേജകൗഷധപ്രയോഗം നടത്തുന്നത്.

**6. *ഇപ്പോൾ ഒന്നിടാടം ടാപ്പിങ് നടത്തിക്കൊണ്ടിരിക്കുന്ന തോട്ടത്തിൽ ഇടവേള കൂടിയ ടാപ്പിങ്‌രീതിയിലേക്ക് മാറുമ്പോൾ ഉത്പാദനത്തിൽ കുറവ് വരുമോ ?***

ഒന്നിടാടം ടാപ്പുചെയ്തുകൊണ്ടിരിക്കുന്ന തോട്ടങ്ങൾ ഇടവേളകൂടിയ ടാപ്പിങ്‌രീതിയിലേക്ക് മാറുമ്പോൾ കുറച്ചുകാലത്തേക്ക് ഉത്പാദനക്കുറവ് അനുഭവപ്പെടാം. അതിനാൽ, പുതിയ ടാപ്പിങ് സമ്പ്രദായത്തിലേക്ക് മാറുന്നത് പൊതുവെ ഉത്പാദനം കുറവുള്ള മാസങ്ങളിൽ (ഫെബ്രുവരി മുതൽ ഏപ്രിൽ വരെ) ആകുന്നതായിരിക്കും നല്ലത്.

തയ്യാറാക്കിയത്:

**സ്ലീബ വി. പോൾ**
ഫാം ഓഫീസർ

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



**തേനീച്ചവളർത്തലും തേൻവിളവെടുപ്പും**

'തേനീച്ചവളർത്തലും തേൻവിളവെടുപ്പും' എന്ന വിഷയം സംബന്ധിച്ച ചോദ്യങ്ങൾക്ക് 2024 ജനുവരി 17 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ തേനീച്ച വളർത്തൽ വിദഗ്ധനായ ബിജു ജോസഫ് ഫോണിലൂടെ മറുപടി പറയും.

**റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ**

റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2024 ജനുവരി 24 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമവിഭാഗം അസിസ്റ്റന്റ് ഡയറക്ടർ ബിനു മാത്യു മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

## റബ്ബർതോട്ടംതൊഴിലാളികൾക്കായുള്ള ഇൻഷ്വറൻസ് ജനുവരി 25 വരെ പുതുക്കാം



റബ്ബർമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കായി റബ്ബർ ബോർഡ് ആരംഭിച്ച 'ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതി' (GLITBS) യിൽ അംഗങ്ങൾ ആയിട്ടുള്ളവർ ഈ വർഷത്തെ വിഹിതം 2024 ജനുവരി 25-ന് മുമ്പായി റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിൽ അടയ്ക്കേണ്ടതാണ്. ഇതിനുള്ള അപേക്ഷാഫോറം അംഗങ്ങൾക്ക് നേരിട്ട് തപാൽ മുഖേന അയച്ചിട്ടുണ്ട്. അപേക്ഷാഫോറം ലഭിക്കാത്തവർ തൊട്ടടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

പോളിസി ഉടമയ്ക്ക് 60 വയസ്സുവരെ സ്വാഭാവികമരണം സംഭവിച്ചാൽ 80,000 രൂപയുടെയും അപകടമരണം സംഭവിച്ചാൽ 1,80,000 രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. കൂടാതെ 60 മുതൽ 75 വരെയുള്ള വയസ്സിനിടയിൽ അപകടമരണം സംഭവിച്ചാൽ 1,00,000 രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഓരോ അംഗവും 300 രൂപയിൽ കുറയാതെയുള്ള (നൂറിന്റെ ഗുണിതങ്ങൾ) തുക പ്രീമിയമായി അടയ്ക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ - 0481 2301231 (എക്സ്റ്റൻഷൻ നമ്പർ - 336)

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്
# പരിശീലനപരിപാടികൾ

## 2024 ഫെബ്രുവരി മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബറുത്പാദകസംഘം**
   റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഫെബ്രുവരി 01, 02 തീയതികളിൽ നടക്കും. പരിശീലനം സൗജന്യമായിരിക്കും.

2. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**
   റബ്ബർപാലിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 05 മുതൽ 09 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ; റബ്ബർബാന്റ്, കയ്യുറകൾ, ഫോം റബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമാണം**
   ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 12 മുതൽ 16 വരെയുള്ള തീയതികളിൽ നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.



ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **രോഗ-കീട നിവാരണം**
റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ഫെബ്രുവരി -14 ന് നടത്തും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർനടീൽ, പരിപാലനം**
റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം ഫെബ്രുവരി 22-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **ഉണക്കറബ്ബർ നിർണയം**
റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരിശീലനം ഫെബ്രുവരി 26 മുതൽ 28 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 0481 2353201 (വ്യവസായം), 0481 2351313 (കൃഷി) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# നല്ലശീലങ്ങളും നന്മപാഠങ്ങളുമായി
# പ്രകൃതിക്ക് സുകൃതമേകാം

ഏതൊരു പ്രവർത്തിക്കും അതിന് അനുസരണമായോ അതിനേക്കാൾ പ്രതിലോമകരമായോ തിരിച്ചടികളുണ്ടാകും എന്നത് ഒരു പ്രകൃതി നിയമമാണ്. ഓണാട്ടുകരയിൽ സാർവത്രികമായി പറഞ്ഞുപോന്ന ഒരു പഴമൊഴിയുടെ അർത്ഥവും ഇതുതന്നെയാണ്. 'തേങ്ങാ കൊടുത്തവന് തേങ്ങാ കിട്ടും, തൊണ്ണാൻ കൊടുത്തവന് തൊണ്ണാൻ കിട്ടും'. ഇതുതന്നെയാണ് മഹാകവി ഉള്ളൂരിന്റെ പ്രസിദ്ധമായ കവിതാശകലവും സൂചിപ്പിക്കുന്നത്. "നമുക്ക് നാമേ പണിവത് നാകം നരകവുമതുപോലെ". നമ്മുടെ പ്രവൃത്തി തന്നെയാണ് ജീവിതത്തെ സ്വർഗതുല്യമാക്കി മാറ്റുന്നതും നരകസമാനമാക്കുന്നതും.

ധനുമാസമായപ്പോഴേക്കും മഴ മാറുകയും ചുട്ടുപൊള്ളുന്ന കഠിനമായ ചൂട് ജീവിതം അസഹനീയമാക്കിയിരിക്കുകയുമാണ്. സാധാരണ ധനുമാസമെത്തിയാൽ പ്രകൃതി ഏറെക്കുറെ മിതശീതോഷ്ണ കാലാവസ്ഥയിലേക്ക് മാറുകയായിരുന്നു പതിവ്. 'ധനുമാസക്കുളിരും മകരത്തിൽ മരംകോച്ചുന്ന മഞ്ഞും' എന്നതായിരുന്നു ഋതുബന്ധമായ സവിശേഷത. പക്ഷേ ഇപ്പോഴിതാ പകൽച്ചൂട് ക്രമാതീതമായി ഉയരുകയും രാത്രികാലങ്ങളിലും പ്രഭാതങ്ങളിലും സ്വാഭാവികമായി ഉണ്ടാകുമായിരുന്ന തണുപ്പ് എവിടെയോ പോയി മറയുകയും ചെയ്തു. കേരളത്തിൽ മാത്രമല്ല രാജ്യമാകെ അന്തരീക്ഷതാപനിലയിലുണ്ടായിരിക്കുന്ന ഈ മാറ്റത്തിന്റെ ദുരന്തങ്ങൾ അനുഭവവേദ്യമാണ്. ഉത്തരേന്ത്യയിൽ അതിശൈത്യവും മൂടൽമഞ്ഞും ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. മൂടൽമഞ്ഞുകാരണം പല സംസ്ഥാനങ്ങളിലും 'റെഡ് അലർട്ട്' പ്രഖ്യാപിച്ചിരിക്കുകയാണ്. റെയിൽ-വാഹന ഗതാഗതം സാദ്ധ്യമല്ലാതാകുന്നു. ഭീതിദമായ കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച് ഉച്ചകോടികളും ചർച്ചകളും സംവാദങ്ങളും നിരന്തരം നടക്കുന്നുണ്ട്. രാജ്യാന്തര ഉടമ്പടികളും തീരുമാനങ്ങളും ഉരുത്തിരിയുന്നുമുണ്ട്. പക്ഷേ പുസ്തകത്തിലെ പശു പുല്ലുതിന്നില്ലല്ലോ. ഇതിന്റെയൊന്നും സദ്ഫലങ്ങൾ നമ്മുടെ പ്രവർത്തിയിലുണ്ടാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ ദുബായിൽ നടന്ന കാലാവസ്ഥാ ഉച്ചകോടിയും ഫലപ്രദമായ തീരുമാനങ്ങളുണ്ടാകാതെയാണ് സമാപിച്ചത്. ശാസ്ത്രസമൂഹം നിശ്ചയിച്ചുറപ്പിച്ച അപായപരിധികളെല്ലാം ലംഘിച്ച് 'ആഗോളതാപനം' അത്യുന്നതങ്ങളിലേക്ക് കുതിക്കുന്നു എന്നതാണ് യഥാർത്ഥ്യം. യഥാർത്ഥത്തിൽ നമ്മുടെ മനസ്സിലാണ് സുചിന്തിതമായ ഉടമ്പടികളുണ്ടാകേണ്ടത്. 'പ്രകൃതിയെ അറിഞ്ഞ് പ്രകൃതിയോടു ചേർന്ന് ജീവിതം പരമാവധി ലാളിത്യപൂർണമാക്കുക' എന്നതാണ് ഈ കാര്യത്തിൽ നാം സ്വീകരിക്കേണ്ട പ്രായോഗികമാർഗം.

ഇതാ ക്രിസ്മസ് പുതുവത്സരാഘോഷങ്ങളുടെ അലയൊലി അടങ്ങിട്ടേയുള്ളൂ. ഓണവും ക്രിസ്തുമസ്സും അടക്കം നമ്മുടെ എല്ലാ ആഘോഷങ്ങളും ആർഭാടത്തിന്റെയും ധൂർത്തിന്റെയും പര്യായമായി മാറിയ കാലമാണിത്. പുൽക്കൂട്ടിലെ ക്രിസ്തുയേശുവിന്റെ പിറവിയോളം ലാളിത്യമാർന്ന ഒരു ജനനം ലോകത്തിന്നോളം ഉണ്ടായിട്ടില്ല. ചാണകത്തിന്റെയും ഗോമൂത്രത്തിന്റെയും ദുർഗന്ധം വമിക്കുന്ന അന്തരീക്ഷത്തിൽ പുൽക്കൂട്ടിലെ വൈയ്ക്കോലായിരുന്നു ഉണ്ണിയേശു പിറന്നുവീണ മെത്ത. പ്രകൃതിയാണ് താരാട്ട് പാടിയത്. ആകാശത്തെ നക്ഷത്രങ്ങളാണ് വെളിച്ചം പകർന്നത്. സാധാരണക്കാരിൽ സാധാരണക്കാരായ ആട്ടിടയന്മാരാണ് ഈ സദ്വാർത്ത ലോകത്തെ അറിയിച്ചത്. യഥാർത്ഥത്തിൽ ക്രിസ്തുമസ്സിന്റെ മഹനീയ സന്ദേശങ്ങളിൽ പ്രധാനം ആഡംബരങ്ങൾക്ക് അവധി കൊടുത്ത് ജീവിതം ലാളിത്യപൂർണമാക്കുക എന്നത് കൂടിയാണ്!

ഋതുക്കളുടേയും കാലാവസ്ഥയുടേയും താളം തെറ്റിയപ്പോഴുണ്ടായ പ്രകൃതിയുടെ താളപ്പിഴകൾ ജീവിതവേഗം കൂടിയ ഈ പുതിയ കാലത്ത് നാം ശ്രദ്ധിക്കാതെ പോകുന്നു. എന്തിനേറെ കാക്കയും കുയിലും മാടത്തയും കുരുവിയും ഓലേഞ്ഞാലിയും നിശാശലഭങ്ങളും പൂമ്പാറ്റകളുമെല്ലാം എണ്ണത്തിൽ വല്ലാതെ കുറഞ്ഞിരിക്കുന്നു. ഇതാ മഴ വരുന്നുവെന്ന് വിളിച്ചറിയിച്ചിരുന്ന മാക്കാച്ചി തവളകൾപോലും വംശനാശഭീഷണിയിലാണ്. വിഷുവിന്റെ വരവറിയിച്ച് സ്വർണവർണം ചൂടി പൂത്തുലഞ്ഞു നിന്നിരുന്ന 'കണിക്കൊന്ന' ഇപ്പോഴിതാ കാലംതെറ്റി തോന്നിയപോലെ പൂക്കുന്നു. സൂപ്പർ കമ്പ്യൂട്ടറുകളെക്കുറിച്ചും നിർമിതബുദ്ധിയുടെ അനന്തസാധ്യതകളെക്കുറിച്ചും കൂടുതൽ ദൂരം താണ്ടി സർവ്വനാശം വിതയ്ക്കാൻ കഴിയുന്ന സംഹാരശേഷിയാർന്ന മിസൈലുകളെക്കുറിച്ചും തല പുകഞ്ഞ് ചിന്തിക്കുന്നതിനിടയിൽ നമ്മുടെ ജീവിതപരിസരത്തുണ്ടാവുന്ന ഈ വിപത്തുകൾ ശ്രദ്ധിക്കുവാൻ ആർക്കാണ് നേരം?

വീണ്ടുവിചാരമില്ലാത്ത നമ്മുടെ ഇടപെടൽ കാരണം ആവാസവ്യവസ്ഥയിലുണ്ടായ പ്രകടമായ മാറ്റങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നല്ലതാണ്. ആവാസവ്യവസ്ഥയെന്നതിനെ അൽപംകൂടി കടുപ്പം കുറച്ചു പറഞ്ഞാൽ നമ്മുടെ ചുറ്റുപാട് അഥവാ ജീവിതപരിസരത്തിന്റെ പൊതുവായ അവസ്ഥ. കഴിഞ്ഞ ഒരു കാൽ നൂറ്റാണ്ടിനുള്ളിൽ ഇങ്ങനെ സംഭവിച്ചിരിക്കുന്ന മാറ്റം കണക്കുകൂട്ടലുകൾക്കെല്ലാം അപ്പുറമാണ്. പുരയിടത്തിൽ പടർന്നു പന്തലിച്ചു വളർന്നിരുന്ന നാട്ടുമാവുകളും പ്ലാവുകളും ഏറെക്കുറെ അന്യമായിരിക്കുന്നു. പകരം നട്ടുവളർത്തുന്നതിലേറെയും കുള്ളൻമാവുകളും പ്ലാവുകളുമാണ്. ചെമ്പരത്തിയും അമ്പരത്തിയും അശോകവും നന്ത്യാർവട്ടവും പാരിജാതവും ശംഖുപുഷ്പവും തുടങ്ങി നാട്ടുപൂക്കളേറെയും നാടുനീങ്ങി. കോൺക്രീറ്റ് ചെയ്ത് വെടിപ്പാക്കിയിരിക്കുന്നു വീട്ടുമുറ്റങ്ങളൊക്കെയും, അവിടെ യൂണിഫോമിട്ട അച്ചടക്കമുള്ള കുട്ടികളെ കണക്കെ ചെടിച്ചട്ടികളിൽ കടൽകടന്നെത്തിയ ഓർക്കിഡും ആന്തൂറിയവും നിരനിരയായി നിൽക്കുന്നു. ജൈവവൈവിധ്യത്തിന്റെ ശൃംഖലയിൽ നിന്നും നാട്ടുപൂക്കളും ചെടികളും മാത്രമല്ല പരമ്പരാഗത നാട്ടുനന്മകൾ ഒന്നൊന്നായി നാടുനീങ്ങുകയാണ്. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുഗുണമാകുമോ എന്ന് സന്ദേഹിച്ച മാംഗോസ്റ്റിനും ഡ്രാഗൺ ഫ്രൂട്ടും റമ്പൂട്ടാനും നോനിയും അടക്കമുള്ള നാനാജാതി നവാഗത വിദേശ ഫലസസ്യങ്ങൾ നമ്മുടെ വീട്ടുവളപ്പുകളിലും അധിനിവേശം നടത്തിയിരിക്കുന്നു.

ഇപ്പോൾ നിരന്തരം നാം ബംഗാൾ ഉൾക്കടലിലെയും അറബിക്കടലിലെയും ന്യൂനമർദ്ദത്തെക്കുറിച്ചാണ് കേൾക്കുന്നത്. ആധുനികമായ പുതുപുത്തൻ വിളിപ്പേരുള്ള സർവ്വനാശം വിതച്ച് വീശിയടിക്കുന്ന കൊടുങ്കാറ്റിനെക്കുറിച്ചുള്ള കാലാവസ്ഥാ മുന്നറിയിപ്പ് നമ്മളെ നിത്യേന ഭയചകിതരാക്കുന്നു. ആഗോളതാപനം മൂലം ഓരോ വർഷവും ചൂടു വല്ലാതെ കൂടുകയാണ്. സമുദ്രം ചൂടുപിടിപ്പിക്കുന്ന 'എൽനിനോ' പ്രതിഭാസം ഈ ചൂടിനെ കൂടുതൽ രൂക്ഷമാക്കുന്നു. മാത്രമല്ല കാലം തെറ്റി ന്യൂനമർദ്ദസ്വാധീനത്താൽ പെയ്യുന്ന മഴയാകട്ടെ മേഘസ്ഫോടനമായി അത്യന്തം വിനാശകരമായി മാറുന്നു. ഉരുൾപൊട്ടലും മണ്ണിടിച്ചിലും മറ്റുമായി ദുരന്തം വിതയ്ക്കുന്ന പ്രളയമായി മാറുകയാണ്.

ഈ കാലാവസ്ഥാ വ്യതിയാനത്തോടൊപ്പം പരമ്പരാഗതവും ഋതുബദ്ധവുമായ മലയാളിയുടെ ഭക്ഷണശീലവും വല്ലാതെ മാറി!

'താളും തകരേം മുമ്മാസം
ചേനേം ചേമ്പും മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
അങ്ങനെയിങ്ങനെ മുമ്മാസം'

ഇങ്ങനെ ഓരോ ഋതുക്കളിലും സുലഭമായി തൊടിയിൽ വിളഞ്ഞിരുന്ന വിഷംതീണ്ടാത്ത കാർഷികവിളകൾ ഉപയോഗിച്ചുള്ള ആഹാരം നമുക്ക് ഔഷധം തന്നെയായിരുന്നു. ഇപ്പോഴിതാ ബർഗറും സാന്റ്‌വിച്ചും കുഴിമന്തിയും ന്യൂഡിൽസും ഷവർമയും പിസായും പൊറോട്ടയും ചിക്കൻറോളും തുടങ്ങി ന്യൂജൻ ഭക്ഷണത്തോടാണ് നമുക്കിപ്പോൾ ഏറെ പ്രിയം. അന്തരീക്ഷതാപം കൂടിയതിനൊപ്പം ആമാശയതാപം കൂട്ടുന്ന മൈദയും ചിക്കനും ഭക്ഷണത്തിന്റെ അവിഭാജ്യഘടകമായതോടെ ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾക്കും അത് കാരണമാകുന്നു! മണ്ണും വെള്ളവും പ്രകൃതിയും മലിനമാവുകയും ഒപ്പം ഭക്ഷണശീലങ്ങൾ അപ്പാടെ മാറുകയും കാലാവസ്ഥ പ്രവചനാതീതമാകുകയും ചെയ്തപ്പോൾ 'ഇവിടെ വാസം സാധ്യമോ' എന്ന ക്രാന്തദർശിയായ കവിയുടെ ആശങ്ക അർത്ഥപൂർണമാവുകയാണ്.

കാക്കയും കുരുവിയും നിശാശലഭങ്ങളും അങ്ങാടിക്കുരുവിയും മാടത്തയും ദേശാടനപക്ഷികളും എണ്ണത്തിൽ കുറയുകയും അവയ്ക്ക് വംശനാശം സംഭവിക്കുകയും ചെയ്താൽ നമുക്കെന്ത് ചേതം, ഇതിനെക്കുറിച്ചോർത്ത് നമ്മളെന്തിനിത്ര വ്യാകുലപ്പെടുന്നു എന്ന് ചോദിക്കുന്നവരുമുണ്ടാകാം. ശരിയാണ് ഭൂമിക്ക് ചൂടു കൂടിയാലെന്ത്? സമുദ്രനിരപ്പ് ഉയർന്നാലെന്ത്? 99-ലെയും 2018-ലെയും മഹാപ്രളയങ്ങളെ നാം അതിജീവിച്ചില്ലേ എന്ന മറുചോദ്യവും ഉയർന്നേക്കാം. ശരിയാണ്, മനുഷ്യർ വിവേകശാലികളാണ്. അതുകൊണ്ടു തന്നെ ഏതൊരു ദുരന്തത്തെയും നാം അതിജീവിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ ആപത്കരമായ ആക്രാന്തം ഒഴിവാക്കി പൊന്മുട്ടയിടുന്ന-നമുക്ക് വേണ്ടതൊക്കെയും യഥേഷ്ടം ചുരത്തിത്തരുന്ന സർവ്വംസഹയായ ഈ ഭൂമിയെയും പ്രകൃതിയെയും കീറിമുറിക്കാതെ ആവശ്യാധിഷ്ഠിതമായി വിവേകപൂർവ്വം നമുക്ക് കറന്നെടുക്കാം! ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. ചവിട്ടി നിൽക്കുന്ന ഈ മണ്ണിനെയും ശ്വസിക്കുന്ന പ്രാണവായുവിനെയും കുടിക്കുന്ന ദാഹജലത്തെയും സർവ്വോപരി ഈ ആവാസവ്യവസ്ഥയെയും മലീമസമാക്കുന്നതും ഹനിക്കുന്നതുമായ യാതൊന്നും അറിഞ്ഞോ അറിയാതെയോ ചെയ്യില്ലെന്ന ഉടമ്പടി നമ്മുടെ ഓരോരുത്തരുടേയും മനസ്സിലാണ് രേഖപ്പെടുത്തുകയും ഒപ്പിടുകയും ചെയ്യേണ്ടത്.

ഇതിനായി ഭൂമിയുടെ ഇപ്പോഴത്തെ അവകാശികളും സൂക്ഷിപ്പുകാരുമായ നമുക്കും ചിലത് ചെയ്യാൻ കഴിയും. വീട്ടുമുറ്റങ്ങൾ കോൺക്രീറ്റ് ചെയ്യാതിരിക്കാം, അങ്ങിങ്ങായി അവശേഷിക്കുന്ന നെൽപാടങ്ങളും ചതുപ്പുകളും മണ്ണിട്ട് നികത്താതിരിക്കാം. ഇനി ബാക്കിയുള്ള കുന്നുകളും മലകളും ഇടിച്ചു നിരത്താതിരിക്കാം, അനാവശ്യമായി ഒരു മരം പോലും മുറിക്കാതിരിക്കാം, പ്ലാസ്റ്റിക് കത്തിക്കാതിരിക്കാം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും പുനരുപയോഗം സാധ്യമാക്കുകയും ചെയ്യാം. മാലിന്യങ്ങൾ പൊതുഇടങ്ങളിലേക്കും ജലാശയങ്ങളിലേക്കും വലിച്ചെറിയാതിരിക്കാം, ബയോഗ്യാസ് പ്ലാന്റ് അടക്കമുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ഉറവിടമാലിന്യസംസ്കരണം ഉത്തരവാദിത്വബോധത്തോടെ ഏറ്റെടുക്കാം. വിഷപ്പുക തുപ്പുന്ന വാഹനഉപയോഗം ബോധപൂർവം പരിമിതപ്പെടുത്താം. അനുനിമിഷം ഉയരുന്ന അന്തരീക്ഷതാപനത്തിന് മരമാണ് മറുപടിയെന്ന പ്രായോഗിക ചിന്തയോടെ കഴിയുന്നത്ര മരങ്ങൾ നട്ടുവളർത്തി സംരക്ഷിക്കാം. ജൈവകൃഷി ജീവിതചര്യയുടെ ഭാഗമാക്കുകയും നമ്മുടെ ആഹാരാവശ്യത്തിനുള്ള കാർഷികോത്പന്നങ്ങൾ സ്വന്തം അധ്വാനത്തിലൂടെ വിളയിച്ചെടുക്കുകയും ചെയ്യാം. പ്രകൃതിയുടെ എയർകണ്ടീഷണറുകളായ വനങ്ങളും കാവുകളും സംരക്ഷിച്ച് സുസ്ഥിരമായി നിലനിർത്താം - ഇങ്ങനെ അണ്ണാറക്കണ്ണനും തന്നാലായത് പോലെ നമുക്ക് ചെയ്യാവുന്ന നന്മയുടെ ഈ ശീലങ്ങളും നല്ല പാഠങ്ങളും പ്രായോഗികമാക്കി പ്രകൃതിക്ക് സുകൃതമേകാം. ജീവന്റെ അധാരമായ മണ്ണിനോടും പ്രകൃതിയോടും വിധേയരായി വിനീതരായി ജീവിക്കാമെന്ന പ്രാർത്ഥനയോടെ എല്ലാ പ്രിയ വായനക്കാർക്കും ഗ്രാമകേരളത്തിന്റെ പുതുവത്സരാശംസകൾ നേരട്ടെ. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2023 ഡിസംബർ 1 | 15200 | 14900 | 10675 | 15200 | 14900 | 14375 | 14304 |
| 2023 ഡിസംബർ 2 | 15200 | 14900 | അവധി | 15200 | 14900 | അവധി | അവധി |
| 2023 ഡിസംബർ 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഡിസംബർ 4 | 15100 | 14800 | 10565 | 15100 | 14800 | 14194 | 14123 |
| 2023 ഡിസംബർ 5 | 15000 | 14700 | 10515 | 15000 | 14700 | അവധി | അവധി |
| 2023 ഡിസംബർ 6 | 15000 | 14700 | 10515 | 15000 | 14700 | 14174 | 14102 |
| 2023 ഡിസംബർ 7 | 15000 | 14750 | 10515 | 15000 | 14750 | 14037 | 13966 |
| 2023 ഡിസംബർ 8 | 15000 | 14750 | 10515 | 15000 | 14750 | 14063 | 13992 |
| 2023 ഡിസംബർ 9 | 15100 | 14800 | അവധി | 15100 | 14800 | അവധി | അവധി |
| 2023 ഡിസംബർ 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഡിസംബർ 11 | 15100 | 14800 | 10620 | 15100 | 14800 | അവധി | അവധി |
| 2023 ഡിസംബർ 12 | 15150 | 14850 | 10725 | 15150 | 14850 | 14186 | 14115 |
| 2023 ഡിസംബർ 13 | 15150 | 14850 | 10830 | 15150 | 14850 | 14045 | 13975 |
| 2023 ഡിസംബർ 14 | 15100 | 14800 | 10885 | 15100 | 14800 | 14042 | 13972 |
| 2023 ഡിസംബർ15 | 15100 | 14800 | 10885 | 15100 | 14800 | 14332 | 14261 |
| 2023 ഡിസംബർ 16 | 15150 | 14850 | അവധി | 15150 | 14850 | അവധി | അവധി |
| 2023 ഡിസംബർ 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഡിസംബർ 18 | 15150 | 14900 | 10885 | 15150 | 14900 | 14419 | 14347 |
| 2023 ഡിസംബർ 19 | 15150 | 14900 | 10885 | 15150 | 14900 | 14373 | 14302 |
| 2023 ഡിസംബർ 20 | 15200 | 14900 | 10885 | 15200 | 14900 | 14494 | 14422 |
| 2023 ഡിസംബർ 21 | 15250 | 14950 | 10830 | 15250 | 14950 | 14615 | 14544 |
| 2023 ഡിസംബർ 22 | 15300 | 14950 | 10830 | 15300 | 14950 | 14666 | 14594 |
| 2023 ഡിസംബർ 23 | 15350 | 15000 | അവധി | 15350 | 15000 | അവധി | അവധി |
| 2023 ഡിസംബർ 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഡിസംബർ 25 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഡിസംബർ 26 | 15400 | 15050 | 10935 | 15400 | 15050 | 14810 | 14738 |
| 2023 ഡിസംബർ 27 | 15400 | 15100 | 10990 | 15400 | 15100 | 14897 | 14825 |
| 2023 ഡിസംബർ 28 | 15400 | 15100 | 11095 | 15400 | 15100 | 14882 | 14810 |
| 2023 ഡിസംബർ 29 | 15500 | 15200 | 11095 | 15500 | 15200 | 15157 | 15084 |
| 2023 ഡിസംബർ 30 | 15500 | 15200 | അവധി | 15500 | 15200 | അവധി | അവധി |
| 2023 ഡിസംബർ 31 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| ശരാശരി | 15198 | 14900 | 10784 | 15198 | 14900 | 14431 | 14360 |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല - പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | സെപ്റ്റംബർ 2023 | സെപ്റ്റംബർ 2022 | ഏപ്രിൽ 2023 മുതൽ സെപ്റ്റംബർ 2023 വരെ | ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ | ഏപ്രിൽ 2022 മുതൽ മാർച്ച് 2023 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം (+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47540 | 50150 | 217670 | 203930 | 541195 | |
| ബ്ലോക്കുറബ്ബർ | 16400 | 14450 | 82820 | 77710 | 172710 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 9070 | 9420 | 45620 | 48130 | 104115 | |
| മറ്റുള്ളവ | 1990 | 1980 | 9890 | 9230 | 20980 | |
| ആകെ | 75000 | 76000 | 356000 | 339000 | 839000 | 5.0 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 47510 | 46780 | 281075 | 277490 | 559335 | |
| ബ്ലോക്കുറബ്ബർ | 61300 | 53500 | 367550 | 342385 | 658550 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8975 | 7020 | 52385 | 46545 | 100190 | |
| മറ്റുള്ളവ | 3215 | 2700 | 16990 | 16580 | 31925 | |
| ആകെ | 121000 | 110000 | 718000 | 683000 | 1350000 | 5.1 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 80684 | 76685 | 482938 | 484846 | 948395 | -0.4 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 33470 | 54074 | 254487 | 281592 | 528677 | |
| കയറ്റുമതി (p) | 142 | 148 | 1691 | 1505 | 3700 | |

**2023 സെപ്റ്റംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 98000 | ഷീറ്റുറബ്ബർ | 218825 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 110000 | ബ്ലോക്കുറബ്ബർ | 55150 |
| ടയർനിർമ്മാതാക്കൾ (c) | 80000 | റബ്ബർപാൽ (ഡി. ആർ. സി.) | 25700 |
| മറ്റു വ്യവസായികൾ | 37000 | മറ്റുള്ളവ | 25325 |
| ആകെ | 325000 | ആകെ | 325000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ.
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*



# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്




QUALITY MATTERS
Rubber Board
Ministry of Commerce & Industry
Government of India
QUALITY CONTROL
APPROVED
GET YOUR RUBBER CERTIFIED BY THE RUBBER BOARD
ON BOARD
mRube
An e-market for Natural Rubber
www.mrube.in

RUBBER MONTHLY (MALAYALAM)
Published on 11 January 2024
RNI. 7842

Registered KL / KTM / 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




**Registration fee***

| | INDIAN DELEGATES | | OVERSEAS DELEGATES |
|---|---|---|---|
| | Small growers# | Others | |
| Registration upto 21 February 2024 | **Rs. 4,130** *(Rs. 3,500 + GST @ 18 per cent)* | **Rs. 8,850** *(Rs. 7,500 + GST @ 18 per cent)* | **US$ 236** *(US$ 200 + GST @ 18 per cent)* |
| Spot registration at the venue | No spot registration | **Rs. 11,800** *(Rs. 10,000 + GST @ 18 per cent)* | **US$ 295** *(US$ 250 + GST @ 18 per cent)* |

(*Registration fee does not include travel and accommodation;
# To be applied through and certified by the Rubber Board Regional Office concerned.)

VENUE
Hotel
Kiranshree Grand
Guwahati, Assam

DATE
23 and 24
February 2024

**ORGANISERS** | The Rubber Board (Ministry of Commerce & Industry, Govt. of India) | All India Rubber Industries Association (AIRIA) | Association of Latex Producers of India (ALPI) | Automotive Tyre Manufacturers Association (ATMA) | Block Rubber Processors Association of India (IBRPA) | GRP Ltd. | Harrisons Malayalam Ltd. | Indian Cycle and Rikshaw Tyre Manufacturers Association (ICRTMA) | Indian Rubber Dealers Federation (IRDF) | Indian Rubber Institute (IRI) | Indian Rubber Manufacturers Research Association (IRMRA) | Reliance Industries Ltd. | Rubber, Chemical & Petrochemical Skill Development Council (RCPSDC) | The Cochin Rubber Merchants Association (CRMA) | United Planters Association of Southern India (UPASI) |

For correspondence: **India Rubber Meet Forum** (Reg. No. KTM/TC/282/2019), Rubber Board, Keezhukunnu, Sub Jail Road Kottayam-686 002, Kerala, India. Ph: 91-481-2301231 (Extn.307), Email: indiarubbermeet@gmail.com • **www.indiarubbermeet.in**

Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam - 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Kopprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad